

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/C2/1932/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 30/12/2025
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
1. ഡയറക്ടർ, കേരള സംസ്ഥന ഓഡിറ്റ് പകുപ്പ്(ഉപരി പത്രം സഹിതം)
2. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, കോഴിക്കോട്
3. കാര്യാലയ പ്രതി

നമ്പർ: KSA/KKD/C2/1932/2025 തീയ്യതി: 30/12/2025

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. കെ.ജയരാജൻ	ജോയിന്റ് ഡയറക്ടർ	26-09-2025	03-10-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
26-09-2025	03-10-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ഷൈന.എ.കെ, ഓഡിറ്റ് ഓഫീസർ
ശ്രീ.ദേവാനന്ദ്.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബിൻ.കെ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അനിൽകുമാർ.എം.ഡി, ഓഡിറ്റർ
ശ്രീ.മുഹമ്മദ് ജെയ്സൽ.കെ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)

ശ്രീ. എൻ.വി.ബാബു	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ. കാദർ.പി	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ. ഗോപാലകൃഷ്ണൻ.കെ	മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി)	01-04-2024	30-06-2024
ഡോ. ബൈഗു.പി.കെ	മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി)	01-07-2024	31-03-2025
ശ്രീമതി. സുഷമ.പി.വി	പട്ടികജാതി വികസന ഓഫീസർ	01-04-2024	31-03-2025
ശ്രീമതി. ദീപ.കെ	ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ	01-04-2024	15-07-2024
ശ്രീമതി. ജമീല.പി	ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ	16-07-2024	31-03-2025
ശ്രീ. സൂരജ്.പി.ജി	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ	01-04-2024	31-03-2025
ശ്രീ. അനിൽകുമാർ.എം.ഇ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	07-09-2024
ശ്രീമതി. നിഷ.ഐ	അസിസ്റ്റന്റ് എഞ്ചിനീയർ	08-09-2024	31-03-2025
ശ്രീമതി. ബിന്ദു ആർ	അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ	01-04-2024	31-08-2024
ശ്രീ. ജിജോ ജോസഫ്	അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ(ഇൻ-ചാർജ്)	01-09-2024	22-12-2024
ശ്രീ. നസീർ.ടി.കെ	അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ	23-12-2024	31-03-2025
ശ്രീമതി. രജുല	ക്ഷീര വികസന ഓഫീസർ	01-04-2024	31-03-2025
ശ്രീ. വിശ്വൻ കോറോത്ത്	ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ഡോ. ഇ.സി.ലീന	സീനിയർ വെറ്ററിനറി സർജൻ	01-04-2024	31-03-2025
ശ്രീ. സലീഷ്.എസ്	ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	16-05-2024

ശ്രീ. ഷമീർ.എ	ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ	17-05-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല	1-1-1
3	ഡെപ്പോസിറ്റ് നീക്കിയിരിപ്പിൽ കൃത്യതയില്ല	1-1-2
4	വാർഷിക കണക്കിലെയും ഐ.കെ.എം പത്രികയിലെയും ചെലവ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു	1-1-3
5	റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ഇനത്തിന്റെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല	1-1-4
6	അഡ്വാൻസ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല	1-1-5
7	ലോൺ ബാധ്യതാ തുകയിൽ വ്യക്തതയില്ല	1-1-6
8	ഡെപ്പോസിറ്റ് രജിസ്റ്ററിൽ നീക്കിയിരിപ്പ് സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല	1-1-7
9	ജേണലുകൾക്ക് സപ്പോർട്ടിംഗ് ഡോക്യുമെന്റ് ഇല്ല	1-1-8
10	ഡിപ്രിസിയേഷൻ കണക്കാക്കിയതിൽ അപാകം	1-1-9
11	ബജറ്റ്	1-2
12	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)	1-3
13	ഫണ്ട് വിനിയോഗം	1-4
14	പദ്ധതി അവലോകനം	1-5
15	കാഷ് ബാലൻസ് പരിശോധന	1-6
16	തോടുകളുടെ സംരക്ഷണ പ്രവൃത്തികൾ -ഉചിത മാർഗ്ഗങ്ങൾ സ്വീകരിക്കുന്നില്ല	1-7
17	കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് - വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്	1-8
18	പൊതുസ്ഥലങ്ങളിൽ വൃക്ഷത്തൈ വച്ചു പിടിപ്പിക്കൽ - ഫലപ്രാപ്തി സംബന്ധിച്ച വിവരങ്ങളില്ല	1-9
19	വനിതാ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭം-പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്	1-10
20	പി.എം.എ.വൈ പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ	1-11
21	പദ്ധതി ലക്ഷ്യ പൂർത്തീകരണ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്	1-12
22	വെറ്ററിനറി മരുന്നുകളും ഉപയോഗ്യവസ്തുക്കളും വാങ്ങൽ - നോൺ അവയലിബിലറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല	1-13
23	പാലിന് സബ്സിഡി - അപാകതകൾ	1-14
24	രയരോത്ത് താഴെ തുരുത്തിയാട്ടുമ്മൽ താഴെ അരുവിക്ക് കുറുകെ പാലം നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് വിഹിതം കൈമാറിയത് - രേഖകൾ ഹാരാക്കിയില്ല	1-15
25	വനിതാ സംരംഭകത്വ സെന്ററിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല	1-16
26	പട്ടിക ജാതി വിദ്യാർഥികൾക്ക് പഠന മുറി- പദ്ധതി ലക്ഷ്യം	1-17

	കൈവരിച്ചില്ല	
27	സി.ഡി.പി.ഒ പദ്ധതി നിർവഹണം - രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല	1-18
28	താലൂക്ക് ആശുപത്രിയിലെ ജീവനക്കാരുടെ നിയമനം-സർക്കാർ ഉത്തരവ് ലഭ്യമാക്കിയില്ല	1-19
29	ഇലക്ട്രിസിറ്റി ബിൽ അടവാക്കൽ - രേഖകൾ അപര്യാപ്തം	1-20
30	വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു	1-21
31	മരുന്ന് വാങ്ങൽ- നടപടി ക്രമങ്ങൾ പാലിക്കുന്നില്ല	1-22
32	ഉപകരണങ്ങൽ വാങ്ങൽ- ടെണ്ടർ നടപടികളിൽ സുതാര്യതയില്ല	1-23
33	ഉപകരണങ്ങൾ വാങ്ങൽ- പദ്ധതികൾ സമഗ്രമായി തയ്യാറാക്കുന്നില്ല	1-24
34	ഹെൽത്ത് ഗ്രാന്റ് അവലോകനം	1-25
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ / വായ്പാതിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 15.05.2025 തീയതിയിലെ 1/13/25-26 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 16.05.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക്

വിധേയമായി, പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ജോയിന്റ് ഡയറക്ടർ

1-1-1 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalence" ആയി രേഖപ്പെടുത്തിയ തുകയും (91,84,995) ഇതേ പത്രികയിലെ "Net Cash Generated By Operating+Investing+Financial Activity"(A+B+C) ആയി രേഖപ്പെടുത്തിയ തുകയും (1,07,15,043) പൊരുത്തപ്പെടുന്നില്ല.

1-1-2 ഡെപ്പോസിറ്റ് നീക്കിയിരിപ്പിൽ കൃത്യതയില്ല

ഡെപ്പോസിറ്റ് ഇനത്തിൽ 2023-24 ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുക + (2024-25 വർഷം ലഭിച്ച തുക RP-34 വരവ് ഭാഗം) - (2024-25 വർഷത്തെ ചെലവ് RP-34 ചെലവ് ഭാഗം) ചെയ്താൽ ലഭിക്കുന്ന തുകയായ 10,47,589/-രൂപയും 2024-25 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുകയായ 10,69,572/-രൂപയും വ്യത്യാസപ്പെട്ടിരിക്കുന്നു.

1-1-3 വാർഷിക കണക്കിലെയും ഐ.കെ.എം പത്രികയിലെയും ചെലവ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി എന്നിവയുടെ 2024-25 വർഷത്തെ ചെലവുകൾ വാർഷിക കണക്കിലെയും ഐ.കെ.എം പത്രികയിലെയും താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

ഫണ്ട്	വാർഷിക ധനകാര്യ പത്രിക I-6, RP-7 പ്രകാരമുള്ള ചെലവ്	ഐ.കെ.എം പത്രിക പ്രകാരമുള്ള ചെലവ്
വികസന ഫണ്ട്-ജനറൽ	2,92,61,154	2,88,05,954
വികസന ഫണ്ട്-എസ്.സി.പി	1,63,71,000	1,58,06,200

1-1-4 റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ഇനത്തിന്റെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല

2024-25 വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-5 പ്രകാരം പ്രകാരം Sale Of Empties And Waste Materials ഇനത്തിൽ 11,802/- രൂപ വരവുണ്ട്. എന്നാൽ ഈ ഇനത്തിലെ രജിസ്റ്റർ, Sale Of Empties And Waste Materials ഇനത്തിലെ ലെഡ്ജർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

1-1-5 അഡ്വാൻസ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല

2024-25 വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസ് നീക്കിയിരിപ്പ് 27,53,517/-രൂപയാണ്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ ഹെഡ് വൈസ് അക്കൗണ്ട് എഴുതി നീക്കിയിരിപ്പ് സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-1-6 ലോൺ ബാധ്യതാ തുകയിൽ വ്യക്തതയില്ല

വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-5 പ്രകാരം 2024-25 വർഷത്തിൽ Secured Loan From Bank ഇനത്തിൽ 57,51,555/-രൂപ തിരിച്ചടയ്ക്കാനുണ്ട്. ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കിയ ഐ.എ.വൈ ഭവനനിർമ്മാണം പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് അധിക ധനസഹായം നൽകുന്നതിനായി പേരാമ്പ്ര റീജിയണൽ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും 2013-14 സാമ്പത്തിക വർഷത്തിൽ പേരാമ്പ്ര ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ എടുത്ത ലോണിലേക്ക് 2024-25 വർഷത്തിൽ തിരിച്ചടവ് ഉണ്ടായിട്ടില്ല. ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ലോൺ ബാധ്യതാ തുകയിലെ അവ്യക്തത വിശദീകരിക്കേണ്ടതാണ്.

1-1-7 ഡെപ്പോസിറ്റ് രജിസ്റ്ററിൽ നീക്കിയിരിപ്പ് സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല

2024-25 വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ വിവിധ ഹെഡുകളിലായി 10,69,572 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ സ്ഥാപനത്തിലെ ഡെപ്പോസിറ്റ് രജിസ്റ്ററിൽ നീക്കിയിരിപ്പ് സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

1-1-8 ജേണലുകൾക്ക് സപ്പോർട്ടിംഗ് ഡോക്യുമെന്റ് ഇല്ല

ജേണലുൾക്ക് വിവരണം നൽകുകയോ സപ്പോർട്ടിംഗ് ഡോക്യുമെന്റുകൾ ഉൾപ്പെടുത്തുകയോ ചെയ്യുന്നില്ല.

1-1-9 ഡിപ്രിസിയേഷൻ കണക്കാക്കിയതിൽ അപാകം

ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇല്ലാത്ത ആസ്തിയുടെ ശീർഷകത്തിൽ ഡിപ്രിസിയേഷൻ രേഖപ്പെടുത്തി. ഉദാ- Sewerage & Drainage

1-2 ബജറ്റ്

പേരാമ്പ്ര ബ്ലോക്ക്പഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ് 31.01.2024 തീയതിയിലെ 153/23-24 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവു-ചെലവു കണക്കുകൾ താഴെ ചേർക്കുന്നു.

മുന്നിരിപ്പ്	64,22,160
വരവ്	20,43,17,540
ആകെ	**21,07,39,700**
ചെലവ്	20,53,39,041
നീക്കിയിരിപ്പ്	54,00,659

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	1,04,66,638
വരവ്	10,27,80,637
ആകെ	**11,32,47,275**
ചെലവ്	9,35,95,642
നീക്കിയിരിപ്പ്	1,96,51,633

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	ചെലവഴിക്കാത്തതുക
വികസന ഫണ്ട്-ജനറൽ	0	2,94,19,000	2,94,19,000	2,92,61,154	1,57,846
വികസന ഫണ്ട്-എസ്.സി.പി	0	1,63,71,000	1,63,71,000	1,63,71,000	0
വികസന ഫണ്ട്-ടി.എസ്.പി	0	4,14,000	4,14,000	4,14,000	0
മെയിന്റനൻസ്, നോൺ-റോഡ്	0	1,66,20,000	1,66,20,000	1,55,90,952	10,29,048
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (PFMS മുഖേന)	15,10,173	54,00,240 (49,56,494 + പലിശ 4,43,746)	69,10,413	38,85,072	30,25,341
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ട്രഷറി മുഖേന)	0	26,670	26,670	26,670	0
സെൻട്രൽ ഫിനാൻസ് കമ്മീഷൻ – ടൈഡ് ഗ്രാന്റ് (PFMS മുഖേന)	47,99,462	1,09,45,000	1,57,44,492	76,16,992	81,27,500
സെൻട്രൽ ഫിനാൻസ് കമ്മീഷൻ – ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന)	0	3,67,088	3,67,088	3,43,851	23,237

(കുറിപ്പ് – ഖണ്ഡിക 1-1-3 കാണുക)

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	നടപ്പാക്കിയ പ്രൊജക്ടുകളുടെ ശതമാനം
183	249836687	146	82811536	37	79.78

1-6 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 3.10.2025 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കാഷ് നീക്കിയിരിപ്പില്ല എന്ന് ബോധ്യപ്പെട്ടു.

1-7 തോടുകളുടെ സംരക്ഷണ പ്രവൃത്തികൾ -ഉചിത മാർഗ്ഗങ്ങൾ സ്വീകരിക്കുന്നില്ല

ഓഡിറ്റ് വർഷം പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ

നിർവഹണോദ്യോഗസ്ഥയായി തോടുകളുടെ സംരക്ഷണത്തിനു വേണ്ടി കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഫണ്ട് വകയിരുത്തി താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

ക്രമ നം.	പ്രൊജക്ട്	അടങ്കൽ	ചെലവ്
1	66/2024-25, ഇരിച്ചാൽ കുറ്റിയോട്ട് നട കൈത്തോട് നിർമ്മാണം	8,00,000	7,98,995
2	89/2024-25, കോടേരിച്ചാൽ കൊരട്ടി നടുത്തോട്- രണ്ടാം ഘട്ടം	4,17,000	4,08,908
3	150/2024-25, പുളയുള്ളതിൽതാഴെ - ആനയാട്ട് നടതോട്	10,00,000	9,82,272
4	151/2024-25, കോടേരിച്ചാൽ കൊരട്ടി നടുത്തോട്	12,06,856	11,44,778

എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ പ്രകാരം തോടുകളുടെ വശങ്ങൾ കെട്ടിസംരക്ഷിച്ച് വെള്ളത്തിന്റെ സുഗമമായ ഒഴുക്ക് സാധ്യമാക്കുകയാണ് ഈ പ്രൊജക്ടുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. വശങ്ങൾ കരിങ്കൽ കെട്ടായതിനാൽ DR പേക്കിംഗ്, DR മേസൺറി, ബെൽറ്റിനായുള്ള കോൺക്രീറ്റിംഗ് തുടങ്ങിയ ഇനങ്ങളാണ് പ്രധാനമായും എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രൊജക്ടുകളുടെ ആവശ്യകത, രൂപീകരണം, നിർവഹണം എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന വസ്തുതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

ബേസിക്, ടൈഡ് എന്നീ ഇനങ്ങളിലാണ് സ്ഥാപനത്തിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭിക്കുന്നത്. ബേസിക് ഗ്രാന്റ് വികസനഫണ്ട് ചെലവഴിക്കുന്ന എല്ലാ കാര്യങ്ങൾക്കും വിനിയോഗിക്കാമെങ്കിലും ടൈഡ് ഗ്രാന്റ് ശുചിത്വ മാലിന്യ സംസ്കരണ മേഖലയിലും, ജലസംരക്ഷണ പ്രവർത്തനങ്ങൾക്കും മാത്രമാണ് വിനിയോഗിക്കാനാവുക. ലഭിക്കുന്ന ടൈഡ് ഫണ്ടിന്റെ അമ്പതു ശതമാനം വീതം ഈ രണ്ട് മേഖലയിലും വിനിയോഗിക്കേണ്ടതും എന്നാൽ ഇതിൽ ഒരു വിഭാഗത്തിന്റെ ലക്ഷ്യം സമ്പൂർണ്ണമായാൽ ആ വിഭാഗത്തിലെ വിഹിതം മറ്റേ വിഭാഗത്തിന് വിനിയോഗിക്കാവുന്നതുമാണെന്ന് ഫണ്ട് വിനിയോഗ മാർഗ്ഗരേഖയിൽ വ്യക്തമാക്കുന്നുണ്ട്.

എന്നാൽ ടൈഡ് ഫണ്ട് വകയിരുത്തി ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയ മേൽ പ്രൊജക്ടുകൾ വിഭവങ്ങളുടെ ശരിയായ വിനിയോഗം ഉറപ്പു വരുത്താതെയാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് കാണുന്നു. 19.04.2022 തീയതിയിൽ സർക്കാർ പുറപ്പെടുവിച്ച 84/2022/ത.സ്വ.ഭ.വ നമ്പർ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ ജല സംരക്ഷണ സാങ്കേതിക സമിതി തയ്യാറാക്കിയ നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്ലാനിന്റെ ഭാഗമായി ഏറ്റെടുക്കേണ്ട പ്രവൃത്തികളുടെ മുൻഗണനാക്രമവും പ്രവൃത്തികളുടെ

സ്വഭാവവുമനുസരിച്ച്, സംയോജിപ്പിക്കേണ്ട വകുപ്പുകളേയും വിഭവ സ്രോതസ്സുകളേയും ഉൾപ്പെടുത്തി ഒരു കൺവർജൻസ് പ്ലാൻ തയ്യാറാക്കാനും അത് അടിസ്ഥാനപ്പെടുത്തി മാത്രം എൻ.ആർ.ഇ. ജി.എസ് വാർഷിക കർമ്മപദ്ധതിയും, സ്ഥാപനത്തിന്റെ മണ്ണ്-ജലസംരക്ഷണ പദ്ധതികളും തയ്യാറാക്കണമെന്നും ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള മാസ്റ്റർ പ്ലാൻ ഗ്രാമപഞ്ചായത്ത് തലത്തിലാണ് തയ്യാറാക്കേണ്ടത്. എന്നാൽ മേൽപ്പറഞ്ഞ പ്രൊജക്റ്റുകൾ ഇത്തരം മാസ്റ്റർ പ്ലാനുകളെയും കൃഷി/മണ്ണ്/ജലസംരക്ഷണ വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നും ഉയർന്നുവന്ന ശുപാർശകളുടെയും അടിസ്ഥാനത്തിലാണോ തയ്യാറാക്കിയിട്ടുള്ളത് എന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ആസൂത്രണ മാർഗ്ഗരേഖ പ്രകാരം താഴെ കൊടുത്ത കാര്യങ്ങൾ ജലസംരക്ഷണ പ്രവർത്തനങ്ങളായി പ്രധാനമായും ഏറ്റെടുക്കാവുന്നതാണ്.

എ) ജല സ്രോതസ്സുകളുടെ വിവരശേഖരണവും ഡാറ്റാ സൂക്ഷിക്കുന്ന പ്രവർത്തനങ്ങളും നടത്തൽ

ബി) ഡാറ്റാ പ്രകാരമുള്ള ജല സ്രോതസ്സുകൾ കൈയ്യേറ്റം ചെയ്യുന്നില്ലെന്ന് ഉറപ്പു വരുത്തൽ

സി) ജല സ്രോതസ്സുകൾ വീണ്ടെടുക്കൽ, വീണ്ടെടുത്തവയുടെ സംരക്ഷണവും ഉപയോഗവും ഉറപ്പുവരുത്തൽ

ഡി) നീർച്ചാലുകളുടെ പരിപാലനം, നീരൊഴുക്ക് ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നീർമറികൾ ഉൾപ്പടെയുള്ള ജലസംരക്ഷണ പ്രവൃത്തികൾ

ഇ) ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തടയണ/റഗുലേറ്റർ ശൃംഖല പണിത് പുഴകളെ ജലസംഭരണികളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ

എഫ്) ജല സ്രോതസ്സുകളിൽ അമിതമായി അടിഞ്ഞു കൂടുന്ന എക്കൽ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ

ജി) ഇനി ഞാൻ ഒഴുകട്ടെ മാതൃകയിൽ സമയബന്ധിത കാമ്പയിനുകൾ സംഘടിപ്പിക്കൽ

എച്ച്) ഐ ടി മിഷന്റെ മാപ്പത്തോൺ ശക്തിപ്പെടുത്തി ജലസ്രോതസ്സുകളെ ജിയോ റഫറൻസ് ചെയ്യുന്ന പ്രവർത്തനം

മേല്പറഞ്ഞതിൽ ക്രമ നമ്പർ (ഡി) യിൽ പരാമർശിച്ച നീരൊഴുക്ക് ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനം എന്ന തരത്തിലാണ് തോട് സംരക്ഷണ പ്രൊജക്ടുകൾ ആവിഷ്കരിച്ചതെന്ന് കാണുന്നു. ഇക്കാര്യത്തിന് അവലംബിച്ച രീതി പരിസ്ഥിതി സൗഹൃദമല്ലാത്തതും ചെലവേറിയതും, തോടുകളുടെ സ്വാഭാവിക ആവാസവ്യവസ്ഥയ്ക്ക് പ്രതികൂലമായതുമാണെന്ന് കാണാം. കയർ കൊണ്ടുള്ള ഭൂവസ്ത്രം ഉൾപ്പടെയുള്ള പ്രകൃതി സൗഹൃദവും ചെലവു കുറഞ്ഞതുമായ മാർഗ്ഗങ്ങൾ ഉണ്ടായിരിക്കെയാണ് പരിമിത വിഭവങ്ങളായ ധനസ്രോതസ്സും കരിങ്കൽ പോലുള്ള നിർമ്മാണവസ്തുക്കളും നിർലോഭമായി ഉൾപ്പെടുത്തി പ്രൊജക്റ്റുകൾ തയ്യാറാക്കിയിരിക്കുന്നത്. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തോട് സംരക്ഷണത്തിന് കയർ ഭൂവസ്ത്രം ഉൾപ്പെടെയുള്ള പ്രകൃത്യായുള്ള മാർഗ്ഗങ്ങൾ മാത്രമാണ് ഉപയോഗിക്കാവുന്നത് എന്നത് ഇവിടെ ശ്രദ്ധേയമാണ്. കരിങ്കൽ കെട്ട് അത്യാവശ്യമായ ഇടങ്ങളിൽ ഉപയോഗപ്പെടുത്താമെങ്കിലും അവ ഈ പ്രൊജക്ടുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കിയിട്ടില്ല. പ്രകൃതി വിഭവങ്ങളുടെ പരിമിതവും വിവേകപൂർണ്ണവുമായ വിനിയോഗം സുസ്ഥിരതയുടെ

ആണിക്കല്ലാണ് എന്നിരിക്കെ ഇവയെ നിർലോഭം ഉപയോഗിച്ച് പരിമിതമായ ധനസ്രോതസ്സ് വിനിയോഗിക്കുന്നതിന്റെ കാരണം വ്യക്തമല്ല. തോടുകളുടെ വശങ്ങളിലുള്ള ഭൂവുടമകൾക്ക് മാത്രമാണ് ഇത് കൊണ്ട് ഗുണമുണ്ടാകുന്നുള്ളുവെന്നതും ശ്രദ്ധേയമാണ്.

അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.07/2024-25 തീയതി 03.10.2025) മറുപടി ലഭിച്ചിട്ടില്ല. തോട് സംരക്ഷണ പ്രൊജക്ടുകളിൽ സുസ്ഥിര മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-8 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് - വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് മുഖേന ഓഡിറ്റ് വർഷത്തിൽ രണ്ട് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

പദ്ധതി	ചെലവ് തുക	ബിൽ നമ്പർ തീയതി
192/25 ഇല്ലിക്കൽ കുടിവെള്ള പദ്ധതിയ്ക്ക് വൈദ്യുതി ലൈൻ വലിക്കലും മോട്ടോർ സ്ഥാപിക്കലും	238418 (വികസന ഫണ്ട്)	312/11.9.2024
191/25പാറയ്ക്ക് താഴ കുടിവെള്ള പദ്ധതിയ്ക്ക് വൈദ്യുതി ലൈൻ വലിക്കലും മോട്ടോർ സ്ഥാപിക്കലും	246404 (വികസന ഫണ്ട്)	311/11.9.2024

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1) ഈ പദ്ധതികളിൽ ജലലഭ്യത, വൈദ്യുതി ലഭ്യത, ജലവിതരണം ആരംഭിക്കൽ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ.

2) ഈ പദ്ധതികൾ ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറാൻ സ്വീകരിച്ച നടപടികൾ.

3) കുടിവെള്ള പദ്ധതികൾ അതാതു ഗ്രാമ പഞ്ചായത്തിൽ ആസ്തിയിൽ ഉൾപ്പെട്ടതാണ് എന്നതിന് ആസ്തി രജിസ്റ്റിന്റെ പകർപ്പ് .

4) കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പും പരിപാലനവും ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കാൻ സ്വീകരിച്ച നടപടികൾ.

മേൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (19/24-25 തീയതി 03.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.

1-9 പൊതുസ്ഥലങ്ങളിൽ വൃക്ഷത്തൈ വച്ചു പിടിപ്പിക്കൽ - ഫലപ്രാപ്തി സംബന്ധിച്ച വിവരങ്ങളില്ല

പ്രൊജക്ട്	23/24-25, പൊതുസ്ഥലങ്ങളിൽ വൃക്ഷത്തൈ വച്ചു പിടിക്കൽ
അടങ്കൽ	50,000/- (വികസന ഫണ്ട് - പൊതു വിഭാഗം)

ചെലവ്	50,000/-(ബിൽ നം. 398/24-25 തീയതി 20.03.2025)
നിർവഹണം	കൃഷി അസിസ്റ്റന്റ് ഡയറക്ടർ

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പൊതുസ്ഥലങ്ങൾ കണ്ടെത്തി അവിടെ നട്ടുപരിപാലിക്കുന്നതിനായി സന്നദ്ധ സംഘടനകൾക്ക് സൗജന്യമായി ഗുണനിലവാരമുള്ള വൃക്ഷത്തൈകൾ കൈമാറുന്നതിനും അതുവഴി ഫലവൃക്ഷങ്ങളുടെ എണ്ണം, ഫലലഭ്യത എന്നിവ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടാണ് മേൽ പ്രൊജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. അതിനായി പേരാമ്പ്ര ബ്ലോക്ക് ഹരിത അഗ്രോ സർവ്വീസ് സെന്ററിൽ നിന്ന് താഴെ പറയുന്ന ഇനം തൈകളാണ് വാങ്ങിയിട്ടുള്ളത്.

ക്രമ നം.	വൃക്ഷത്തൈ	എണ്ണം	ചെലവഴിച്ച തുക
1	പ്ലാവ് (ഗ്രാഫ്റ്റ്)	42	42 X 500 = 21,000/-
2	മാവ് (ഗ്രാഫ്റ്റ്)	39	39x 500 = 19,500/-
3	സപ്പോട്ട (ഗ്രാഫ്റ്റ്)	14	14 X 400 = 5,600/-
4	പേരക്ക (ലെയർ)	12	12 X 200 = 2,400/-
5	നെല്ലി (ഗ്രാഫ്റ്റ്)	10	10 X 150 = 1,500/-

പ്രൊജക്ട് ഫയലിൽ സൂക്ഷിച്ചിട്ടുള്ള കൈപ്പറ്റ് രശീതികൾ പ്രകാരം താഴെ പറയുന്നവർക്കാണ് വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുള്ളത്.

ക്രമ നം.	വൃക്ഷത്തൈ കൈപ്പറ്റിയ ആൾ
1	ഹെഡ് മാസ്റ്റർ, ജി.എച്ച്.എസ്.എസ്, ആവള
2	ശ്രീമതി. ബിജുന, ഹെഡ്മിസ്ട്രസ്സ്, ജി.എം.എൽ.പി, ആവള
3	ശ്രീ. പി.കെ ബാബു, ക്ലാർക്ക്, വി.എച്ച്.എസ്.എസ്, കൂത്താളി
4	ശ്രീമതി. അപർണ്ണ ടി.കെ, അങ്കണവാടി വർക്കർ, സെന്റർ നം. 58
5	ശ്രീമതി. ഗീത എം.കെ , അംഗൻവാടി വർക്കർ, സെന്റർ നം. 69
6	ശ്രീ. കെ.പി ബിജു
7	ശ്രീ. എം.എം രഘുനാഥ്
8	ശ്രീ. ഗോപാൽ പറമ്പത്ത്
9	ശ്രീമതി. സിജി സി.കെ, അങ്കണവാടി വർക്കർ
10	ശ്രീമതി. ഷീബ. പി
11	ശ്രീ. ഷിജിത്ത് എൻ.ടി
12	ശ്രീ. എൻ.ആർ രാഘവൻ

കൈപ്പറ്റിയ തൈകൾ അനുയോജ്യമായ സ്ഥലം കണ്ടെത്തി നടുകയും, ആയവ മൂന്ന് വർഷത്തേക്ക് പരിപാലിക്കുകയും ചെയ്യുന്നതാണെന്നറിയിച്ച് മേൽപ്പറഞ്ഞവർ നൽകിയ സമ്മതപത്രവും കൈപ്പറ്റ് രശീതിയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. എന്നാൽ വൃക്ഷത്തൈകൾ കൈമാറാൻ മേൽപ്പറഞ്ഞവരെ തിരഞ്ഞെടുത്തതിന്റെ മാനദണ്ഡമോ, ഇതു സംബന്ധിച്ച ഭരണസമിതി തീരുമാനമോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വൃക്ഷത്തൈ വച്ചുപിടിപ്പിക്കൽ പ്രവൃത്തി തൃപ്തികരമായ രീതിയിൽ പൂർത്തീകരിച്ചിട്ടുണ്ട് എന്നു രേഖപ്പെടുത്തിയ മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട് എങ്കിലും ഏതെല്ലാം സ്ഥലങ്ങളിലാണ് തൈകൾ നട്ടിട്ടുള്ളത് എന്നത് സംബന്ധിച്ച യാതൊരു വിവരവും ഫയലിൽ ഇല്ല. കൂടാതെ ഇവ ഇപ്പോൾ പരിപാലിച്ചു വരുന്നുണ്ടോ എന്നതും വ്യക്തമല്ല.

അപാകങ്ങൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 08/2024-25 തീയതി 03.10.2025) മറുപടി ലഭിച്ചിട്ടില്ല. വൃക്ഷത്തൈകൾ കൈമാറുന്നതിനുള്ളവരെ തെരഞ്ഞടുത്തത് സംബന്ധിച്ച ഭരണസമിതി തീരുമാനവും, ഏതെല്ലാം സ്ഥലങ്ങളിലാണ് തൈകൾ നട്ട് പരിപാലിച്ചു വരുന്നത് എന്ന വിവരവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-10 വനിതാ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭം-പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

പ്രൊജക്ട് നമ്പർ - 1) 50/25 -ചെലവ്: 15,08,897/- (വികസന ഫണ്ട് ജനറൽ) ബിൽ നം,തീയതി-557/19.03.2025

2) 51/25 ചെലവ്: 3,00,000/- (വികസന ഫണ്ട് എസ്.സി.പി) ബിൽ നമ്പർ, തീയതി-555/14.03.2025

നിർവഹണ ഉദ്യോഗസ്ഥൻ : ഇൻഡസ്ട്രിയൽ എക്സ്റ്റൻക്ഷൻ ഓഫീസർ

വനിത ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ആറ് വനിതാഗ്രൂപ്പുകൾക്കാണ് സബ്സിഡി അനുവദിച്ചത്.

1) മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ ബാങ്കുകളിൽ നിന്നും ലോൺ എടുത്തിട്ടുണ്ട്. പ്രസ്തുത ലോൺ അക്കൗണ്ടിലേക്ക് അനുവദിച്ച സബ്സിഡി തുക വരവ് വെച്ചോ എന്ന് അറിയുന്നതിനായി സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ട്, ലോൺ അക്കൗണ്ട് എന്നിവയുടെ ബാങ്ക് പാസ്ബുക്ക് ആവശ്യപ്പെട്ടെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമായിരുന്നില്ല. ആയത് ലഭ്യമാക്കാത്തതിനാൽ സബ്സിഡി തുക ലോണിൽ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടോ എന്നും നിലവിലെ സ്ഥിതി വിവരവും പരിശോധിക്കാനായിട്ടില്ല.

2) സബ്സിഡി അനുവദിച്ച സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് വരവ് ചെലവ് കണക്കുകൾ പാസ്ബുക്ക് എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ട് രണ്ട് സ്ഥാപനങ്ങൾ മാത്രമാണ് രേഖകൾ ഹാജരാക്കിയിട്ടുള്ളത്. മമ്മീസ് ഫുഡ് പ്രൊഡക്ട്സ്, ആമീസ് ഗ്രൂപ്പ്, എൻഡുരാ പേപ്പർ പ്രൊഡക്ട്സ്, കെ.പീസ് കാറ്ററിങ്ങ്, ഒരുമ ഗ്രൂപ്പ് എന്നീ സ്വയം തൊഴിൽ സംരംഭങ്ങൾ നിലവിൽ പ്രവർത്തിക്കുന്നതിന് രേഖകൾ ഹാജരാക്കേണ്ടതാണ്.

3) സ്വയം തൊഴിൽ സംരംഭകർക്ക് ആവശ്യമായ പരിശീലനം നൽകാതെ പദ്ധതി നടപ്പിലാക്കി ബാങ്ക് ലോൺ, സബ്സിഡി എന്നിവ ഉൾപ്പെടെയാണ് എല്ലാ ഗ്രൂപ്പുകൾക്കും ധനസഹായം നൽകിയിരിക്കുന്നത്. ഗ്രൂപ്പുകൾക്ക് അവരുടെ സംരംഭവുമായി ബന്ധപ്പെട്ടോ, സംരംഭവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതിനോ ആവശ്യമായ പരിശീലനം നൽകിയിട്ടില്ല. സ.ഉ (കൈ) നം. 84/2022/ത.സ്വ.ഭ.വ/19.04.2022 പ്രകാരമുള്ള പതിനാലാം പദ്ധതി മാർഗ്ഗരേഖ ഖ. 8.4.3 ൽ തൊഴിൽ സംരംഭക ഗ്രൂപ്പുകളിലെ അംഗങ്ങൾക്ക് അവരുടെ തൊഴിൽ മേഖലയിൽ പരിശീലനം നൽകുന്നതിനാവശ്യമായ പ്രൊജക്ടുകൾ നടപ്പാക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പരിശീലനങ്ങൾ നൽകാതെയാണ് സംരംഭങ്ങൾ മുഴുവൻ ആരംഭിച്ചിരിക്കുന്നത്. സംരംഭവുമായി ബന്ധപ്പെട്ട ഡേ ബുക്ക്, കാഷ് ബുക്ക് എന്നിവ എഴുതാനറിയാത്തതിനാൽ പ്രയാസമനുഭവിക്കുന്നതായി സംഘം ഭാരവാഹികൾ ഓഡിറ്റിനെ അറിയിക്കുകയുണ്ടായി. ബാങ്ക് ലോണിന്റെ തിരിച്ചടവുമായി ബന്ധപ്പെട്ട് മിക്ക സംഘങ്ങൾക്കും കൃത്യമായ ധാരണയില്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (17/ 24-2025 തീയതി 03.10.25) മറുപടി ലഭ്യമാക്കേണ്ടതാണ്.

1-11 പി.എം.എ.വൈ പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതിയിൽ ഓഡിറ്റ് വർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചിവടെ ചേർക്കുന്നു.

പദ്ധതി	വകയിരുത്തിയ തുക	ചെലവ് തുക
1/24-25 പി.എം.എ.വൈ ഭവന നിർമ്മാണം ജനറൽ	40000000	9080851
124/24-25 പി.എം.എ.വൈ ഭവന നിർമ്മാണം പട്ടിക ജാതി(സ്പിൽ ഓവർ)	37686000	294000
2/24-25 പി.എം.എ.വൈ ഭവന നിർമ്മാണംപട്ടിക ജാതി	40000000	564000
126/24-25 പി.എം.എ.വൈ ഭവന നിർമ്മാണം പട്ടിക വർഗ്ഗം	5739000	220000

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വീട് നിർമ്മാണത്തിന് മുൻകൂർ കൈപ്പറ്റി ഭവന നിർമ്മാണം ആരംഭിക്കുന്നില്ല

പദ്ധതി നടത്തിപ്പിലെ വിശദാംശങ്ങൾ പരിശോധിച്ചതിൽ ചില ഗുണഭോക്താക്കൾ വർഷങ്ങൾക്ക് മുൻപ് വീട് നിർമ്മാണത്തിനായി കേന്ദ്ര വിഹിതമായി അനുവദിക്കുന്ന മുൻകൂർ തുക 48,000/-രൂപ കൈപ്പറ്റി ഭവന നിർമ്മാണം ആരംഭിക്കാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗുണഭോക്താവ്	ഗ്രാമ പഞ്ചായത്ത്	അഡ്വാൻസ് അനുവദിച്ച തുക തീയതി
ശ്രീമതി. ഉഷ	ചക്കിട്ടപ്പാറ	48000
ശ്രീമതി. ബിന്ദു പി.എം	ചക്കിട്ടപ്പാറ	48000
ശ്രീമതി. ബീവി	ചങ്ങരോത്ത്	48000
ശ്രീ. രാജേഷ്	കൂത്താളി	48000

2) ഭവന നിർമ്മാണംആരംഭിച്ച് പൂർത്തിയാക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ച് തറകെട്ടുകയും ലിന്റൽ നിർമ്മിക്കുകയും ചെയ്ത പിന്നീട് ഭവന നിർമാണം പൂർത്തിയാക്കാതിരിക്കുന്നു. ഭവന നിർമ്മാണം പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

ഗുണഭോക്താവ്	ഗ്രാമ പഞ്ചായത്ത്	അനുവദിച്ച തുക	റിമാർക്സ്
ശ്രീ.ബിജു	ചക്കിട്ടപ്പാറ	80000	തറനിർമ്മാണം മാത്രം പൂർത്തീകരിച്ചു
ശ്രീമതി.ശാരദ	കായണ്ണ	98000	തറനിർമ്മാണം മാത്രം പൂർത്തീകരിച്ചു
ശ്രീമതി.സരള	കായണ്ണ	76000	തറനിർമ്മാണം മാത്രം പൂർത്തീകരിച്ചു
ശ്രീമതി, ശാലിനി	പേരാമ്പ്ര	98000	തറനിർമ്മാണം മാത്രം പൂർത്തീകരിച്ചു

ശ്രീമതി. ഉഷ	ചങ്ങരോത്ത്	328000	ലിന്റൽ നിർമ്മാണം പൂർത്തീകരിച്ചു
ശ്രീമതി. നിഷ	ചങ്ങരോത്ത്	278000	ലിന്റൽ നിർമ്മാണം പൂർത്തീകരിച്ചു
ശ്രീമതി. ബിന്ദു	ചങ്ങരോത്ത്	278000	ലിന്റൽ നിർമ്മാണം പൂർത്തീകരിച്ചു
ശ്രീ. സുരേഷ്	ചങ്ങരോത്ത്	278000	ലിന്റൽ നിർമ്മാണം പൂർത്തീകരിച്ചു
ശ്രീമതി. ലക്ഷ്മി	ചങ്ങരോത്ത്	328000	ലിന്റൽ നിർമ്മാണം പൂർത്തീകരിച്ചു
ശ്രീമതി. കല്യാണി	കായണ്ണ	326000	ലിന്റൽ നിർമ്മാണം പൂർത്തീകരിച്ചു
ശ്രീമതി. അജിത	ചങ്ങരോത്ത്	48000	ലിന്റൽ നിർമ്മാണം പൂർത്തീകരിച്ചു

കൂടാതെ അവസാന ഘഡുവായി 24,000/-രൂപ കേന്ദ്ര വിഹിതം ലഭിക്കാത്തതിനാൽ ഭവന് നിർമ്മാണം ലക്ഷ്യത്തിലെത്തിയിട്ടില്ലാത്ത 8 ഗുണഭോക്താക്കളുണ്ട്.

3) പദ്ധതിയ്ക്കാവശ്യമായ ഫണ്ട് ലഭിക്കാത്തത് പദ്ധതി ലക്ഷ്യ പ്രാപ്തിയെ പ്രതികൂലമായി ബാധിക്കുന്നു

ആമുഖത്തിൽ പ്രതിപാദിച്ച കണക്ക് പരിശോധിച്ചാൽ 2024-25 വർഷത്തിൽ പദ്ധതിയ്ക്കായി വലിയ തുക വകയിരുത്തുന്നതായി കാണാം എന്നാൽ ഫണ്ട് ലഭിക്കുന്നത് വളരെ കുറവാണ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ ഗുണഭോക്താക്കൾ	ഫണ്ടിനം	ആവശ്യമുള്ളത്	ലഭിച്ചത്	ബാക്കി
373	ഗ്രാമ പഞ്ചായത്ത് വിഹിതം	26260000	13120000	13140000
	ബ്ലോക്ക് പഞ്ചായത്ത് വിഹിതം	42016000	15518651	26497349
	ജില്ലാ പഞ്ചായത്ത് വിഹിതം	36764000	3167000	33597000
	കേന്ദ്ര വിഹിതം	44760000	12816000	31944000

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (18/ 2024-25 തിയതി 3.10.2025) മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-12 പദ്ധതി ലക്ഷ്യ പൂർത്തീകരണ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതിയ്ക്ക് ചെലവഴിച്ച തുക വിനിയോഗിച്ച് പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

പദ്ധതി	ചെലവ് തുക	ബിൽ നമ്പർ തീയതി	റിമാർക്സ്
88/25	100000	561/18.3.25	ജില്ലാപഞ്ചായത്തിന്

എ.ബ്ി.സ്ി പദ്ധതിയ്ക്ക് തുകനൽകൽ			നൽകി

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (16/2024-25 തീയതി- 03-10-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

1-13 വെറ്ററിനറി മരുന്നുകളും ഉപയോഗ്യവസ്തുക്കളും വാങ്ങൽ - നോൺ അവയലിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല

പ്രൊജക്ട് നമ്പർ : 176/25
നിർവഹണം : സീനിയർ വെറ്ററിനറി സർജൻ
പ്രൊജക്ടിന്റെ പേര് : പേരാമ്പ്ര വെറ്ററിനറി പോളിക്ലിനിക്കിലേക്ക് മരുന്നും മറ്റ് ഉപയോഗ്യവസ്തുക്കളും വാങ്ങൽ
ഫണ്ട് : മെയിന്റനൻസ് (നോൺ റോഡ്)
അടങ്കൽ : 2,36,553/-
ചെലവ്

ക്രമ നം	ബിൽ നം/ തീയതി	തുക	തുക നൽകിയ സ്ഥാപനത്തിന്റെ വിവരം
1	253/19.07.2024	25,460	ട്രൈകെയർ ബയോമെഡിക്കൽസ്, കോട്ടയം
2	253/19.07.2024	74,540	വെറ്റ്ഈസി വെറ്ററിനറി ഡിസ്ട്രിബ്യൂഷൻ, മാനന്തവാടി
3	253/19.07.2024	1,36,553	നീതി മെഡിക്കൽസ്, കൂടരഞ്ഞി
	ആകെ	**2,36,553**	

പതിനാലാം പഞ്ചവത്സരപദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി-28.05.2022-ലെ 6.3.32 പ്രകാരം വെറ്ററിനറി ആശുപത്രികളിലേക്ക് ആവശ്യമായ മരുന്നുകളും അനുബന്ധ സാമഗ്രഹികളും മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പിൽ നിന്നും ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിൽ നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നീതി/മാവേലി/സപ്ലൈകോ മെഡിക്കൽ സ്റ്റോറിൽ നിന്ന് വാങ്ങി നൽകാവുന്നതുമാണ്. 2024-25 വർഷത്തിൽ സീനിയർ വെറ്ററിനറി സർജന്റ് നിർവഹണം നടത്തിയ പേരാമ്പ്ര വെറ്ററിനറി പോളിക്ലിനിക്കിലേക്ക് മരുന്നും മറ്റ് ഉപയോഗ്യവസ്തുക്കളും വാങ്ങൽ പ്രൊജക്ട് പ്രകാരം 2,36,553/-രൂപയ്ക്ക് (25,460+74,540+1,36,553) വെറ്ററിനറി മരുന്നുകളും അനുബന്ധ സാമഗ്രഹികളും ലഭ്യമാക്കിയിട്ടുണ്ടെങ്കിലും മൃഗസംരക്ഷണ വകുപ്പിൽ നിന്നും ലഭിക്കേണ്ട നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി-28.05.2022 പ്രകാരം മൃഗസംരക്ഷണ വകുപ്പിൽ നിന്ന് നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെ നീതി മെഡിക്കൽസ്, ട്രൈകെയർ ബയോമെഡിക്കൽസ്, വെറ്റ്ഈസി വെറ്ററിനറി ഡിസ്ട്രിബ്യൂഷൻ എന്നീ സ്ഥാപനങ്ങളിൽ നിന്നും വെറ്ററിനറി മരുന്നുകളും അനുബന്ധ സാമഗ്രികളും വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണകുറിപ്പ് നം-4/2024-25, തീയതി-03.10.2025).

1-14 പാലിന് സബ്സിഡി - അപാകതകൾ

പ്രൊജക്ട് നമ്പർ : 7/25
നിർവഹണം : ഡയറി എക്സ്റ്റൻഷൻ ഓഫീസർ
പ്രൊജക്ടിന്റെ പേര് : പാലിന് സബ്സിഡി
ഫണ്ട് : വികസന ഫണ്ട് (ജനറൽ)
അടങ്കൽ : 11,50,000/-
ചെലവ്

ക്രമ	ബിൽ നം/	തുക	തുക നൽകിയ

നം	ത്തിയതി		സ്ഥാപനത്തിന്റെ വിവരം
1	199/24.12.2024	2,00,000	കൂത്താളി ഗ്രാമപഞ്ചായത്ത്
2	228/14.1.2025	2,00,000	നൊച്ചാട് ഗ്രാമപഞ്ചായത്ത്
3	229/14.1.2025	2,00,000	പേരാമ്പ്ര ഗ്രാമപഞ്ചായത്ത്
4	230/14.1.2025	2,00,000	കായണ്ണ ഗ്രാമപഞ്ചായത്ത്
5	261/3.2.2025	1,50,000	ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത്
6	308/7.3.2025	50,000	ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്
7	360/7.3.2025	1,50,000	ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്
	ആകെ	**11,50,000**	

ക്ഷീരസംഘങ്ങൾ വഴി സംഭരിക്കുന്ന 1 ലിറ്റർ പാലിന് 3 രൂപ പ്രകാരം സബ്സിഡി തുക കർഷകന്റെ അക്കൗണ്ടിലേക്ക് നൽകുന്നതിനാണ് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി മേൽ പദ്ധതി നടപ്പിലാക്കിയത്. പ്രൊജക്ട് ഫയൽ പരിശോധനയിൽ ചങ്ങരോത്ത്, ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തുകളിലെ ആനുകൂല്യം ലഭ്യമാകേണ്ട പല ഗുണഭോക്താക്കൾക്കും ബിൽ പ്രകാരം തുക ട്രാൻസ്ഫർ ചെയ്തതിന്റെ യു.ടി.ആർ ലഭ്യമായിട്ടില്ല. സാംഖ്യ സ്റ്റേറ്റ്മെന്റ് അനുസരിച്ച് ഗുണഭോക്താക്കളുടെ സ്റ്റാറ്റസും മറ്റ് വിശദാംശങ്ങളും താഴെ ചേർക്കുന്നു.

ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്

ഗുണഭോക്താവിന്റെ പേര്	ബാങ്ക്, അക്കൗണ്ട് നമ്പർ	ബിൽ റഫറൻസ് നമ്പർ, തീയതി	ബിൽ പ്രകാരം ട്രാൻസ്ഫർ ചെയ്യപ്പെടേണ്ട തുക	യു.ടി.ആർ നമ്പർ
ജലജ	എസ്.ബി.ഐ 67240110603	24160652037101464329/ 7.3.2025	101	Null
ലീല	ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക 100481200820827	24160652037101464329/ 7.3.2025	155	Null
രാധ	ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക 100341200802865	24160652037101464329/ 7.3.2025	201	Null
പ്രമോദ്.കെ.പി	എസ്.ബി.ഐ 67151433105	24160652037101464329/ 7.3.2025	274	Null

ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്

ഗുണഭോക്തുവിന്റെ പേര്	ബാങ്ക്, അക്കൗണ്ട് നമ്പർ	ബിൽ റഫറൻസ് നമ്പർ, തീയതി	ബിൽ പ്രകാരം ട്രാൻസ്ഫർ ചെയ്യപ്പെടേണ്ട തുക	യു.ടി.ആർ നമ്പർ
ശോഭ	ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക 100131201520348	24160652037201535709/ 14.3.2025	439	Null
ജമീല	ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക	24160652037201535709/ 14.3.2025	402	Null

	100131201520378			
ജാനു	എസ്.ബി.ഐ 67337466449	24160652037201535709/ 14.3.2025	587	Null
സൂപ്പി	എസ്.ബി.ഐ 67302862512	24160652037201535709/ 14.3.2025	932	Null
രാജി	ഡിസ്ട്രിക്ട് കോ-ഓപറേറ്റീവ് ബാങ്ക് 100131201520394	24160652037201535709/ 14.3.2025	754	Null
പ്രദീപൻ	യു.ബി.ഐ 520101035221328	24160652037201535709/ 14.3.2025	1025	Null
രമ്യ	യു.ബി.ഐ 520101262718582	24160652037201535709/ 14.3.2025	519	Null

മേൽ ഗുണഭോക്തുക്കൾക്ക് ഇൻസെന്റീവ് തുക ലഭ്യമാകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ് (ഓഡിറ്റ് അന്വേഷണകുറിപ്പ് നം-5/2024-25, തീ-03.10.2025) .

1-15 രയരോത്ത് താഴെ തുരുത്തിയാട്ടുമ്മൽ താഴെ അരുവിക്ക് കുറുകെ പാലം നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് വിഹിതം കൈമാറിയത് - രേഖകൾ ഹാരാക്കിയില്ല

പദ്ധതി - 190/2024-25 (സ്പിൽ ഓവർ)
അടങ്കൽ - 3,40,000/- (തനത് ഫണ്ട്)
ചെലവ് - 2,02,000/-
നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

രയരോത്ത് താഴെ തുരുത്തിയാട്ടുമ്മൽ താഴെ അരുവിക്ക് കുറുകെ പാലം നിർമ്മിക്കുന്നതിനുള്ള പദ്ധതി 2019-20 വർഷത്തിൽ എം.പി ഫണ്ട് വിനിയോഗിച്ചു നടപ്പിലാക്കിയതാണ്. 2024-25 വർഷത്തിൽ ഈ പദ്ധതിക്ക് 3,00,000/-രൂപ വിഹിതം കൈമാറുന്നതിന് ആണ് 190/25 നമ്പർ പദ്ധതി നടപ്പിലാക്കിയത്. പദ്ധതിക്കായി കൂടുതൽ തുക ആവശ്യമുള്ളതിനാൽ തനത് ഫണ്ടിൽ നിന്ന് തുക അനുവദിക്കുന്നതിന് 2022-23 ൽ ആരംഭിച്ച പദ്ധതിയാണ് ഇത് (114/23) പ്രവൃത്തിയുടെ അന്തിമ ബില്ല് തുകയായ 18,35,623/- രൂപയിൽ എംപി ഫണ്ടായ 15,00,000/- ലക്ഷം കിഴിച്ച് ബാക്കി ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് അനുവദിച്ച 1,33,623/-രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 2,02,000/-രൂപയും ചെക്ക് നമ്പർ (090072/16.12.24) പ്രകാരം കരാറുകാരനായ ശ്രീജിത്ത്.പി.കെയ്ക്ക് അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കി പാലം സഞ്ചാരയോഗ്യമാക്കിയതിന്റെ വിവരം, പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, തോട് ആസ്തി രജിസ്റ്റർ ഉൾപ്പെടുത്തിയതിന്റെ രേഖ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (2/2024-25/03.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ രേഖകൾ ഹാജരാക്കുന്നതുവരെ 2,02,000/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-16 വനിതാ സംരംഭകത്വ സെന്ററിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
പദ്ധതി - 123/2024-25 (സ്പിൽ ഓവർ)

അടങ്കൽ തുക - 25,000/- (വികസന ഫണ്ട് ജനറൽ)
ചെലവ് തുക – 14,000/-

തൊഴിൽ രഹിതരായ വനിതകൾക്ക് കമ്പ്യൂട്ടർ പരിജ്ഞാനം നൽകുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് 2022-23 വർഷത്തിൽ ആരംഭിച്ച പദ്ധതിയാണ് വനിതാ സംരംഭകത്വ സെന്ററിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ എന്ന പദ്ധതി (99/2022-23) പദ്ധതി പ്രകാരം റബ്കോയിൽ നിന്ന് 1,62,096/- രൂപയുടെ ഫർണീച്ചറുകളും (ബിൽ നമ്പർ 300/ 15.03.2023) 4,24,710/-രൂപ ചെലവഴിച്ച് ജെം പോർട്ടൽ വഴി ബിസയർ പവർ സൊല്യൂഷൻ എന്ന സ്ഥാപനത്തിൽ നിന്ന് 9 കമ്പ്യൂട്ടറുകളും അനുബന്ധ സാധനങ്ങളും (ബിൽ നമ്പർ 370/28.03.2023) 1,25,000/-രൂപയ്ക്ക് ഹൈക്കോൺ ഇന്ത്യ എന്ന സ്ഥാപനത്തിൽ നിന്ന് യു.പി.എസ് ബാറ്ററി എന്നിവയും (ബിൽ നമ്പർ 369/28.03.2023) 22,290/-രൂപ ചെലവഴിച്ച് കെ.വി.ആർ സിസ്റ്റം സെയിൽ സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് പ്രിന്ററും (ബിൽ നമ്പർ 371/28.03.2023) വാങ്ങിയിട്ടുണ്ട്. മേൽ വിവരിച്ച പ്രകാരം 22-23 വർഷത്തിൽ 7,34,096/- രൂപ ചെലവഴിച്ച് സാധനങ്ങൾ വാങ്ങിയിട്ടുള്ളത് പാലേരി വടക്കുമ്പാട് സംരംഭക സെന്ററിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെയാണ്.

26.12.2023 ലെ 131(4) നമ്പർ തീരുമാനം പ്രകാരം മാത്രമാണ് അവിടെ വൈദ്യുതീകരണത്തിനായി കമ്മട്ടേഷൻ വിളിക്കാൻ തീരുമാനിച്ചിട്ടുള്ളത്. 1.2.24 നടന്ന കമ്മട്ടേഷനിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയ 14,000/-രൂപയ്ക്കുള്ള ശ്രീ.അനൂപ്.കെ.എൻ എന്നിവരുടെ കമ്മട്ടേഷൻ അംഗീകരിക്കുകയും പദ്ധതി തയ്യാറാക്കുകയും ചെയ്തു (116/24). പദ്ധതി 2024-25 വർഷത്തിലാണ് പൂർത്തിയാക്കിയത്. (ബിൽ നമ്പർ 199/9.5.24). ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിലെ 17/238 നമ്പർ കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയും ഈ കെട്ടിടത്തിൽ സംരംഭം ഒന്നും ആരംഭിച്ചിട്ടില്ല. പദ്ധതിക്കായി വാങ്ങിയ കമ്പ്യൂട്ടറുകളും മറ്റും വാറണ്ടി കാലാവധി കഴിഞ്ഞു ഉപയോഗിക്കാതെ കേടാവുന്ന അവസ്ഥയിലാണ്. അപാകത്തിന് വിശദീകരണ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നമ്പർ 1/3.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. സംരംഭം ആരംഭിച്ച് പദ്ധതി ലക്ഷ്യം കൈവരിച്ച് വിവരം അറിയിക്കുന്നത് വരെ ഓഡിറ്റ് വർഷത്തെ 14,000/- രൂപയുടെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

1-17 പട്ടിക ജാതി വിദ്യാർഥികൾക്ക് പഠന മുറി- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പ്രൊജക്ട് നമ്പർ	56/25
അടങ്കൽ തുക	24,00,000/-രൂപ (വികസന ഫണ്ട്- എസ്.സി.പി)
വിനിയോഗിച്ച തുക (വികസന ഫണ്ട് - എസ്.സി.പി)	21,20,000/- രൂപ
നിർവഹണ ഉദ്യോഗസ്ഥൻ	പട്ടികജാതി വികസന ഓഫീസർ

പട്ടികജാതി വിദ്യാർഥികൾക്ക് പഠന മുറി നിർമ്മിക്കുന്നതിനായി ഒരു ഗുണഭോക്താവിന് 2,00,000/-രൂപ വീതം ധന സഹായം നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 2024-25 വർഷത്തിൽ മേൽ പ്രൊജക്ട് പ്രകാരം താഴെ കാണിച്ച 8 പട്ടികജാതി വിദ്യാർഥികൾക്ക് പഠന മുറി നിർമ്മിക്കുന്നതിനായി മൂന്ന് ഗഡുക്കളായി 170,000/-രൂപ വീതം വിതരണം ചെയ്തിട്ടുണ്ടെങ്കിലും അവസാന ഗഡു തുകയായ 30,000/- രൂപ നൽകി പ്രവൃത്തി പൂർത്തികരിച്ചതായി കാണുന്നില്ല.

നമ്പർ	പേര്

1	ദേവദർശ്, കാരുളങ്ങരചാലിൽ
2	ശ്രീജ.പിഎം, മുളിയങ്ങൾ
3	പുഷ്പ, ചാലിൽ
4	രജിത, തയ്യരോത്ത്
5	സജിൻ കുമാർ, എടക്കോട്ടുമ്മൽ
6	കവിത.പി, ചണ്ണങ്ങോട്ടുമ്മൽ
7	നിമീഷ, കോഴിക്കോട്ടുകണ്ടി
8	പ്രദീപൻ.കെ കെ, കപ്പളികണ്ടി

അപ്പാകത്തിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.17/2024-25 തീയതി 03.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത്തിന് വിശദീകരണം നൽകേണ്ടതും പഠന മുറി നിർമാണത്തിലെ പുരോഗതി അറിയിക്കേണ്ടതും പദ്ധതി ലക്ഷ്യം കൈവരിച്ചു വിവരം അറിയിക്കേണ്ടതുമാണ്.

1-18 സി.ഡി.പി.ഒ പദ്ധതി നിർവഹണം - രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല

ചൈൽഡ് ഡവലപ്മെന്റ് ഓഫീസർ നിർവഹണം നടത്തിയ 13 പ്രൊജക്ടുകളിൽ താഴെ കൊടുത്തിരിക്കുന്ന 4 പ്രൊജക്ടുകളുടെ ഫയലുകളിൽ രേഖകൾ പൂർണ്ണമായി ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

നം	പ്രൊജക്ട്	പേര്	അടങ്കൽ	ചിലവ്/ബിൽ നം	പരിശോധനക്ക് ഹാജരാക്കാത്തവ
1	6/25	ഭിന്നശേഷി സ്കോളർഷിപ്പ്	1702100	1665730/- (ബില്ലുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ട്)	അംഗീകരിച്ച ഗുണഭോക്തൃ ലീസ്റ്റ്, യു.ടി.ആർ സ്റ്റേറ്റ്മെന്റ്, വിതരണ രേഖകൾ, ഭിന്നശേഷി സർട്ടിഫിക്കറ്റ്)
2	121/25	വനിതകൾക്ക് യോഗ പരിശീലനം	100000	100000/- 1.10/09.05.2024	വൗച്ചറുകൾ, പരിശീലനം നടത്തിയതിന്റെ വിശദാംശങ്ങൾ
3	142/25	ഷീപാഡ്	300000	300000/- 1.8/09.05.2024=300000	വിതരണ രേഖകൾ, കൈപ്പറ്റ രശീതികൾ
4	134/25	ഓൾഡേജ് ഹോം (വയോജന ഫെസ്റ്റ്)	66464	66464/- 1.7/09.05.2024=44250 2.9/09.05.2024=22214	പങ്കെടുത്തവരുടെ വിശദാംശങ്ങൾ, ചെലവുരേഖകൾ

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഹാജരാക്കാതിരുന്നതിനാൽ ആകെ ചെലവു തുകയായ 21,32,194/-തടസ്സപ്പെടുത്തുന്നു. അപാകത്തിന് മറുപടി സമർപ്പിക്കേണ്ടതാണ്.

1-19 താലൂക്ക് ആശുപത്രിയിലെ ജീവനക്കാരുടെ നിയമനം-സർക്കാർ ഉത്തരവ് ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ താലൂക്ക് ആശുപത്രിയിൽ വയോജനങ്ങൾക്ക് മാത്രമായി ക്ലിനിക്, താലൂക്ക് ആശുപത്രി പാരാമെഡിക്കൽ സ്റ്റാഫിന് വേതനം, മൊബൈൽ മെഡിക്കൽ

യൂണിറ്റ് എന്നീ പദ്ധതികൾ പ്രകാരം കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് വികസന ഫണ്ടിൽ നിന്നും വേതനം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ വിശദാംശം	കരാർ ജീവനക്കാരുടെ വിവരം	ചെലവഴിച്ച തുക
താലൂക്ക് ആശുപത്രിയിൽ വയോജനങ്ങൾക്ക് മാത്രമായി ക്ലിനിക്	ഡോക്ടർ (41000/ മാസം) ഫാർമസിസ്റ്റ് (600/ ദിവസം)	68,774/-(So) 4,41,594/-(New)
താലൂക്ക് ആശുപത്രി പാരാമെഡിക്കൽ സ്റ്റാഫിന് വേതനം	ലാബ് ടെക്നീഷ്യൻ (2) ഫാർമസിസ്റ്റ് (2) ഇ.സി.ജി ടെക്നീഷ്യൻ (2) (എല്ലാവർക്കും 600/ ദിവസം)	4,54,460/-(So) 11,97,660/- (New)
മൊബൈൽ മെഡിക്കൽ യൂണിറ്റ്	ഡോക്ടർ (41000/ മാസം) ഫാർമസിസ്റ്റ് (600/ ദിവസം) നഴ്സ് (600/ ദിവസം) വാഹന വാടക (33750/മാസം)	2,07,467/-(So) 18,26,660/- (New)

മേൽ നിയമനങ്ങൾക്കായി വേതനം അനുവദിച്ച് നൽകിയിട്ടുള്ളത് വികസന ഫണ്ടിൽ നിന്നാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കമ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ഉച്ച കഴിഞ്ഞുള്ള ഒ.പി ക്ക് അധികമായി ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുന്നതിനും മൺസൂൺ കാലങ്ങളിൽ പനി ക്ലിനിക്കിലേക്ക് അധികമായി ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുന്നതിനും സർക്കാർ ഉത്തരവ് നിലവിലുണ്ട്. എന്നാൽ താലൂക്ക് ആശുപത്രിയിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ള മേൽ പദ്ധതികളെ സാധൂകരിക്കുന്ന സർക്കാർ ഉത്തരവുകളോ സർക്കുലറുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ തുക ചെലവഴിച്ചതിലെ അപാകം മുൻവർഷ ഓഡിറ്റിൽ പരാമർശിച്ചിട്ടും തൻവർഷവും തുടരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.10/03.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരം പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കാൻ ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവാദം നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ്/സർക്കുലർ ലഭ്യമാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം വർഷാവർഷം ഇത്തരത്തിൽ ഭീമമായ തുക ചെലവഴിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-20 ഇലക്ട്രിസിറ്റി ബിൽ അടവാക്കൽ - രേഖകൾ അപര്യാപ്തം

പ്രൊജക്ട് നമ്പർ/ പേര്	53/24-25 താലൂക്ക് ആശുപത്രി നിത്യനിദാന ചെലവ്
നിർവഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ
അടങ്കൽ തുക	13,95,302/- മെയിന്റനൻസ് ഫണ്ട് (റോഡിതരം)
ചെലവ്	13,89,423/-

മേൽ പദ്ധതി പ്രകാരം താലൂക്ക് ആശുപത്രിയിലെ ഇലക്ട്രിസിറ്റി ബില്ലുകൾ അടവാക്കുന്നതിനായാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഫണ്ടിന്റെ അപര്യാപ്തതയിൽ എച്ച്.എം.സി ഫണ്ടിൽ നിന്നും ഇലക്ട്രിസിറ്റി ബില്ലുകൾ അടവാക്കുകയും പിന്നീട് ഫണ്ട് ലഭ്യമായ മുറയ്ക്ക് എച്ച്.എം.സി ഫണ്ടിലേക്ക് തിരികെ പ്രതിപൂരണം ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. ഫയൽ പരിശോധനയിൽ ശ്രദ്ധയിൽ പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ആഗസ്റ്റ് മാസം മുതലുള്ള ബില്ലുകളുടെ പകർപ്പുകൾ ഹാജരാക്കിയിട്ടില്ല. തുക അടവാക്കിയതിന്റെ രസീതി മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ആയതിനാൽ അടവാക്കിയ തുകയുടെ ആധികാരികത ബോധ്യപ്പെട്ടില്ല.

2. ജൂലൈ മാസത്തെ കെ.എസ്.ഇ.ബിയുടെ ബിൽ പ്രകാരം (കൺസ്യൂമർ നം.89601) അടവാക്കേണ്ട തുക 52,078/-രൂപയാണ്. ബിൽ തുകയായ 75,203/-രൂപയിൽ കോഷൻ ഡെപ്പോസിറ്റിന്റെ പലിശയായ 23,126/-രൂപ കിഴിച്ചുള്ള തുകയാണിത്. എന്നാൽ 52,078/-രൂപ അടവാക്കുന്നതിന് പകരം മുഴുവൻ തുകയും (75,203/-രൂപ) അടവാക്കിയതായി കാണുന്നു(ബിൽ നമ്പർ 297/31.08.2024). ആഗസ്റ്റ് മുതലുള്ള ബില്ലുകൾ ഹാജരാക്കാത്തതിനാൽ അധികമായി അടച്ച തുക തുടർന്നുള്ള ബില്ലുകളിൽ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടോയെന്ന് അറിവില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.11/03.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അധികമായി അടവാക്കിയ തുക തുടർന്നുള്ള ബില്ലുകളിൽ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം അഡ്ജസ്റ്റ് ചെയ്ത് അറിയിക്കേണ്ടതുമാണ്. രേഖകൾ ഹാജരാക്കുന്നത വരെ അധികമായി അടവാക്കിയ 23,126/-രൂപ തടസ്സം ചെയ്യുന്നു.

1-21 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

	222/24-25 ട്രാൻസ്ഫോർമറും മറ്റ് അനുബന്ധ ഉപകരണങ്ങളും മാറ്റി സ്ഥാപിക്കൽ
നിർവഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ
അടങ്കൽ തുക	5,84,654/- -മെയിന്റനൻസ് ഫണ്ട് (റോഡിതരം)
ചെലവ്	5,84,654/- 293900/-(539/11.03.2025) 290754/-(376/17.12.2024)

മേൽ പദ്ധതി നിർവഹിക്കുന്നതിനായി കെ.എസ്.ഇ.ബിയ്ക്ക് 5,84,654/-രൂപ ഡെപ്പോസിറ്റായി നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്. ചെലവ് തുക 5,84,654/-രൂപ തടസ്സപ്പെടുത്തുന്നു.

1-22 മരുന്ന് വാങ്ങൽ- നടപടി ക്രമങ്ങൾ പാലിക്കുന്നില്ല

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി

പദ്ധതി - 70/2024-25
അടങ്കൽ - 5,00,000/-
ചെലവ് - 4,15,010/-

പേരാമ്പ്ര താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിൽ ഡയാലിസിസിന് വിധേയമാകുന്ന വയോജനങ്ങൾക്ക് മരുന്നും ഉപകരണങ്ങളും ലഭ്യമാക്കുന്ന പ്രൊജക്ട് പ്രകാരം ഡയാലിസിസ് യൂണിറ്റിലേക്കും, ഡെന്റൽ യൂണിറ്റിലേക്ക് ഉപകരണങ്ങൾ വാങ്ങൽ പ്രൊജക്ട് പ്രകാരം ഡെന്റൽ ക്ലിനിക്കിലേക്കും, താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പ്രൊജക്ട് പ്രകാരവും യഥാക്രമം Malabar Technology, D-Care Dental Solution,Prompt Suppliers എന്നീ സ്ഥാപനങ്ങളിൽ നിന്നും കവട്ടേഷൻ/ ടെണ്ടർ നടപടികൾ കൂടാതെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം അലോപ്പതി മരുന്നുകൾ മെഡിക്കൽ സർവീസ് കോർപ്പറേഷൻ മുഖേനയാണ് വാങ്ങേണ്ടത്. അടിയന്തര ഘട്ടങ്ങളിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റിയുടെ ശുപാർശ പ്രകാരം കാരുണ്യ, നീതി, ജൻഔഷധി മെഡിക്കൽ സ്റ്റോർ എന്നിവിടങ്ങളിൽ നിന്നും വാങ്ങാമെന്നിരിക്കെ അത്തരം വാങ്ങലുകളുടെ സാധ്യതയും ആരാഞ്ഞുകാണുന്നില്ല. നോൺ അവെയ്ബിലിറ്റി സർട്ടിഫിക്കറ്റും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ടി സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകാത്ത പക്ഷം പ്രൊക്യുർമെന്റ് മാനുവൽ പ്രകാരമുള്ള കവട്ടേഷൻ/ടെണ്ടർ നടപടികളിലൂടെ മാത്രമേ സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും വാങ്ങാവൂ. അപാകം ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/03.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻ വർഷവും സമാന അപാകം ചൂണ്ടിക്കാണിച്ചിട്ടും അപാകം തൻവർഷവും തുടരുന്നതിനും നടപടികൾ പാലിക്കാതെ (കവട്ടേഷൻ/ടെണ്ടർ നടപടികൾ കൂടാതെ) മരുന്നുകൾ നേരിട്ട് വാങ്ങുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-23 ഉപകരണങ്ങൾ വാങ്ങൽ- ടെണ്ടർ നടപടികളിൽ സുതാര്യതയില്ല

മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി കൊണ്ട് വിവിധ പ്രൊജക്ടുകളിലായി നിരവധി ഉപകരണങ്ങളും ഫർണീച്ചറുകളും ലിമിറ്റഡ് ടെണ്ടർ മുഖേന വാങ്ങിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും കുറഞ്ഞ നിരക്കിൽ കവാട്ട് ചെയ്തവരിൽ നിന്നും സാധനങ്ങൾ വാങ്ങാതെ കൂടിയ നിരക്ക് കവാട്ട് ചെയ്തവരിൽ നിന്നും പർച്ചേസ് നടത്തുന്നതായി കാണുന്നു. പ്രൊജക്ട് വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ.നം.	പ്രൊജക്ട്	ഫണ്ട്	ചെലവ്
1	താലൂക്ക് ആശുപത്രിയിലേക്ക് എക്സ്റേ മറ്റ് ഉപകരണങ്ങൾ വാങ്ങൽ (178/25)	മെയിന്റനൻസ്-നോൺ റോഡ്	19,33,808/-
2	താലൂക്ക് ആശുപത്രിയിലേക്ക് എയർപോർട്ട് ചെയർ വാങ്ങൽ(182/25)	CFC തനത് ഫണ്ട്	40,000/-

ക്രമ നമ്പർ (1) പ്രകാരമുള്ള പദ്ധതി പ്രകാരം താലൂക്ക് ആശുപത്രിയിലേക്ക് 19 Nos Over

Bed Table With Wheels വാങ്ങുന്നതിനായി 28.02.2024 തീയതിയിൽ കവട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്. എന്നാൽ കവട്ടേഷൻ നോട്ടീസിൽ വേണ്ടത്ര സ്പെസിഫിക്കേഷൻ പറയുന്നില്ല. സ്ഥാപനങ്ങൾ സമർപ്പിച്ച കവട്ടേഷനുകൾ പരിശോധിച്ചതിൽ നിന്നും Hospital Beds എന്ന നിർമ്മാണ സ്ഥാപനത്തിൽ നിന്നും 6,800/-രൂപ യൂണിറ്റ് നിരക്കിൽ കവട്ടേഷൻ ലഭിച്ചിട്ടും 7,900/-രൂപ യൂണിറ്റ് നിരക്കിൽ കൂടിയ നിരക്ക് കവാട്ട് ചെയ്ത Hospicon Surgicals എന്ന സ്ഥാപനത്തിൽ നിന്നും ആകെ 1,50,100/-രൂപയ്ക്കാണ് പർച്ചേസ് നടത്തിയിട്ടുള്ളത് (Bill No.326/24.09.2024). ഇത്തരത്തിൽ കൂടിയ നിരക്കിൽ സാധനങ്ങൾ വാങ്ങിയതിനെ സാധൂകരിക്കുന്ന പ്രൊക്യുർമെന്റ് കമ്മിറ്റി മിനുട്സോ രേഖകളോ ഹാജരാക്കിയിട്ടില്ല. ഇതേ പോലെ മേൽ പറഞ്ഞ Portable Bed Table(19nos), Dialysis Icu Cot (8nos) എന്നിവയ്ക്കായി മറ്റൊരു കവട്ടേഷൻ ക്ഷണിച്ചതായും 54,000/-രൂപ യൂണിറ്റ് നിരക്കിൽ 4,32,000/-രൂപയ്ക്ക് എട്ട് Icu Cot ഉകൾ Victory Hospital Furniture എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതായും കാണുന്നു (Bill No.267/02.08.2024). ഇവിടെയും Hospital Beds എന്ന നിർമ്മാണ സ്ഥാപനത്തിൽ നിന്നും 54,000/-രൂപ യൂണിറ്റ് നിരക്കിൽ കവട്ടേഷൻ ലഭിച്ചിട്ടുണ്ട്. Portable Bed Table(19nos), Dialysis Icu Cot (8nos) എന്നിവയ്ക്കായി യഥാക്രമം 6,800/-, 54,000/-എന്നിങ്ങനെ കുറഞ്ഞ നിരക്കിൽ കവട്ടേഷൻ ലഭിച്ച Hospital Beds എന്ന നിർമ്മാണ സ്ഥാപനത്തെ പരിഗണിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ക്രമനമ്പർ (1) പദ്ധതി പ്രകാരം താലൂക്ക് ആശുപത്രിയിലേക്ക് ആവശ്യമായ 3x2 Computer Table(8nos), Revolving Chair (9nos) എന്നിവ ലിമിറ്റഡ് ടെണ്ടർ മുഖേന New Friends Furniture Perambra എന്ന സ്ഥാപനത്തിൽ നിന്നും യഥാക്രമം 5,500/-, 7,500/-രൂപ യൂണിറ്റ് നിരക്കിൽ ആകെ 1,11,500/-രൂപയ്ക്ക് പർച്ചേസ് നടത്തിയിട്ടുണ്ട് (Bill No.346/14.10.2024). എന്നാൽ സ്ഥാപനങ്ങൾ സമർപ്പിച്ച കവട്ടേഷനുകൾ പരിശോധിച്ചതിൽ നിന്നും Bella Furniture Perambra എന്ന സ്ഥാപനം യഥാക്രമം 5,000/-, 6,779/- എന്നിങ്ങനെ കുറഞ്ഞ നിരക്ക് കവാട്ട് ചെയ്തതായി കാണുന്നു. കുറഞ്ഞ നിരക്കിലുള്ള കവട്ടേഷൻ പരിഗണിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ക്രമനമ്പർ (2) പദ്ധതി പ്രകാരം താലൂക്ക് ആശുപത്രിയിലേക്ക് ആവശ്യമായ 5 Nos എയർപോർട്ട് ചെയറുകൾ വാങ്ങുന്നതിനായി കവട്ടേഷൻ ക്ഷണിക്കുകയും New Friends Furniture Perambra എന്ന സ്ഥാപനത്തിൽ നിന്നും 8,250/-രൂപ യൂണിറ്റ് നിരക്കിൽ വാങ്ങിയിട്ടുമുണ്ട്. എന്നാൽ സ്ഥാപനങ്ങൾ സമർപ്പിച്ച കവട്ടേഷനുകൾ പരിശോധിച്ചതിൽ നിന്നും Bella Furniture Perambra എന്ന സ്ഥാപനം 7 415/-രൂപ യൂണിറ്റ് നിരക്കിൽ കുറഞ്ഞ നിരക്ക് കവാട്ട് ചെയ്തതായി കാണുന്നു. ആയത് പരിഗണിച്ചിട്ടില്ല.

അപാകം ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/03.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറഞ്ഞ നിരക്കിലുള്ള കവട്ടേഷൻ ലഭിച്ചിട്ടും ആയത് പരിഗണിക്കാതെ കൂടിയ നിരക്കിൽ ഉപകരണങ്ങൾ വാങ്ങാനിടയായ സാഹചര്യം വ്യക്തമാക്കിക്കൊണ്ടുള്ള പ്രൊക്യുർകമ്മിറ്റി മിനിട്സും ആയത് അംഗീകരിച്ച്കൊണ്ടുള്ള ഭരണസമിതി തീരുമാനവും ഹാജരാക്കേണ്ടതാണ്.

1-24 ഉപകരണങ്ങൾ വാങ്ങൽ- പദ്ധതികൾ സമഗ്രമായി തയ്യാറാക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (08.11.2010-ലെ ജി.ഒ(പി) 259/10/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സ്ഥാപനത്തിലേക്കാവശ്യമായ ഉപകരണങ്ങളും മറ്റും വർഷാരംഭത്തിൽ തന്നെ കണക്കാക്കേണ്ടതും ആയതിനനുസരിച്ച് പദ്ധതികൾ രൂപീകരിക്കേണ്ടതും കവട്ടേഷൻ/ടെണ്ടർ മുഖേന പർച്ചേസുകൾ നടത്തേണ്ടതുമാണ്. എന്നാൽ പേരാമ്പ്ര താലൂക്കാശുപത്രിയിലേക്കാവശ്യമായ സമാന സ്വഭാവമുള്ള വിവിധ ഉപകരണങ്ങളും

ഫർണീച്ചറുകളും വാങ്ങുന്നതിനായി വ്യത്യസ്ത പദ്ധതികൾ രൂപീകരിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രൊജക്ട്	ഉപകരണം/ സാധനം
1	താലൂക്ക് ആശുപത്രിയിലേക്ക് എക്സ്റേ മറ്റ് ഉപകരണങ്ങൾ വാങ്ങൽ (178/25)	Over Bed Table,Dialysis Icu Coat, Electrical Dental Chair,Computer Table,Revolving Chair Etc..
2	താലൂക്ക് ആശുപത്രിയിലേക്ക് എയർപോർട്ട് ചെയർ വാങ്ങൽ (182/25)	Airport Chair
3	ഡെന്റൽ യൂണിറ്റിലേക്ക് ഉപകരണങ്ങൾ വാങ്ങൽ (211/25)	Dental Chair Electrical Operated

ക്രമ നമ്പർ (1),(3) പദ്ധതികൾ പ്രകാരം ഡെന്റൽ യൂണിറ്റിലേക്കാവശ്യമായ ഇലക്ട്രിക്കൽ ചെയറുകൾ വാങ്ങിയിട്ടുണ്ട്. ആദ്യത്തേതിൽ KMSCL മായി റണ്ണിംഗ് കോൺട്രാക്റ്റുള്ള KERALA SURGICAL EQUIPMENTS LIMITEDൽ നിന്നും 1,55,000/-രൂപക്കും, രണ്ടാമത്തേതിൽ സ്വകാര്യസ്ഥാപനമായ ESPAIR DENTAL SERVICESൽ നിന്നും 1,90,280/- രൂപയ്ക്കുമാണ് ചെയറുകൾ വാങ്ങിയിട്ടുള്ളത്. ആയതിൽ നിന്നും വ്യത്യസ്ത പ്രൊജക്ടുകളിലായി വാങ്ങിയതിനാൽ സാമ്പത്തിക നഷ്ടം സംഭവിച്ചതായി കാണാവുന്നതാണ്. ഇത്തരത്തിൽ സ്ഥാപനത്തിലേക്കാവശ്യമായ ഫർണീച്ചറുകളും വ്യത്യസ്ത പ്രൊജക്ടുകളിലായി വാങ്ങിയതായി കാണാവുന്നതാണ്. അപാകം ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/03.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വർഷാരംഭത്തിൽ തന്നെ ആവശ്യകത നിർണയിക്കാത്ത സമാന സ്വഭാവമുള്ള ഉപകരണങ്ങളും ഫർണീച്ചറുകളും വിവിധ പദ്ധതികളിലായി വ്യത്യസ്ത ക്വട്ടേഷനുകൾ നടത്തി വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും വാങ്ങലുകൾ സമഗ്രമായി നടപ്പിലാക്കേണ്ടതുമാണ്.

1-25 ഹെൽത്ത് ഗ്രാന്റ് അവലോകനം

പഞ്ചായത്തുകളെ സ്വയംഭരണ സ്ഥാപനങ്ങളെന്ന നിലയിൽ പ്രവർത്തിക്കാൻ പ്രാപ്തമാക്കുന്നതിനായി നിയമം വഴി ആവശ്യമായ അധികാരങ്ങളും അധികാരശക്തിയും നൽകുന്നതിന് ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 243(ജി) യിൽ നിർദ്ദേശിക്കുകയും അതു പ്രകാരം സംസ്ഥാനങ്ങളിലെ നിയമനിർമ്മാണ മണ്ഡലങ്ങൾക്ക് പഞ്ചായത്തുകളെ ഏൽപ്പിക്കാവുന്ന പദ്ധതികൾ ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ വിവരിക്കുകയും ചെയ്തിട്ടുള്ളതാണ്. പതിനൊന്നാം പട്ടികയിലെ ക്രമ നം. 23 പ്രകാരം സംസ്ഥാനങ്ങൾ ആശുപത്രികളും, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും, ഡിസ്പെൻസറികളും ഉൾപ്പെടുന്ന ആരോഗ്യ-ശുചിത്വമേഖലയുടെ ചുമതല പഞ്ചായത്തുകൾക്ക് കൈമാറേണ്ടതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ്

നിയമപ്രകാരം കേരള സർക്കാർ മേൽപ്പറഞ്ഞ ചുമതല പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം എല്ലാതരം ചികിൽസാ സമ്പ്രദായങ്ങളിലുംപെടുന്ന ഡിസ്പെൻസറികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും നടത്തുക എന്നുള്ളത് (മൂന്നാം പട്ടികയിലെ ക്രമ.നം. സി.XII.1) ഗ്രാമപഞ്ചായത്തുകളുടെയും, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുക എന്നുള്ളത് (നാലാം പട്ടികയിലെ ക്രമ നം. ബി.X) ബ്ലോക്ക് പഞ്ചായത്തുകളുടെയും, ജില്ലാ ആശുപത്രികൾ നിയന്ത്രിക്കുക എന്നുള്ളത് (അഞ്ചാം പട്ടികയിലെ ക്രമ നം. ബി.Xi.1) ജില്ലാ പഞ്ചായത്തിന്റെയും ചുമതലയാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാഥമികാരോഗ്യ പരിരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷൻ ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ചു വർഷ കാലയളവിലേക്കായി കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2968.28 കോടി രൂപയാണ് ഗ്രാന്റായി അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് മികച്ച സേവനങ്ങൾ നൽകുന്നതിനും ലക്ഷ്യമിട്ട് നവകേരളം കർമ്മപരിപാടിയുടെ ഭാഗമായി ആർദ്രം മിഷൻ പ്രവർത്തിച്ചു വരുന്നുണ്ട്. ധനകാര്യ കമ്മീഷൻ അവാർഡ് വഴി ലഭിക്കുന്ന ആരോഗ്യമേഖലാ ഗ്രാന്റ് മേൽപ്പറഞ്ഞ ലക്ഷ്യം കൈവരിക്കുന്നതിനായി ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് കേരള സർക്കാർ സ്വീകരിച്ചിട്ടുള്ളത്. തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ഗ്രാന്റ് ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് സർക്കാർ വിവിധ ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്തുകളുടെ ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു.

ക്രമ നം	ഉത്തരവ്/സർക്കുലർ
1	സ.ഉ (സാധാ) നം. 2132/2022/ത.സ്വ.ഭ.വ തീയതി 31.08.2022
2	സ.ഉ (സാധാ) നം. 2156/2022/ത.സ്വ.ഭ.വ തീയതി 01.09.2022
3	സ.ഉ (സാധാ) നം. 3157/2022/ത.സ്വ.ഭ.വ തീയതി 21.12.2022
4	സർക്കുലർ നം. എഫ്.എം3/138/2023/ ത.സ്വ.ഭ.വ തീയതി 23.05.2023
5	സ.ഉ (സാധാ) നം. 1625/2023/ത.സ്വ.ഭ.വ തീയതി 09.08.2023

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം ആറ് സ്കീമുകൾക്കായാണ് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിക്കപ്പെട്ടിട്ടുള്ളത്. അവയിൽ സ്കീം 1,2,3,4 എന്നിവ പഞ്ചായത്തുകൾക്കും സ്കീം 5,6 എന്നിവ നഗരഭരണ സ്ഥാപനങ്ങൾക്കും ബാധകമായവയാണ്. പഞ്ചായത്തുകളുമായി ബന്ധപ്പെട്ട സ്കീമുകളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

സ്കീം	വിശദാംശം
1	കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം
2	ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം
3	ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ
4	ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

മേൽപ്പറഞ്ഞവയിൽ സ്കീം 2 പ്രകാരമുള്ള ഗ്രാന്റുകളാണ് ബ്ലോക്ക്പഞ്ചായത്തുകൾക്ക് ലഭിക്കുന്നത്. ബ്ലോക്ക്പഞ്ചായത്തുകൾക്ക് ഗ്രാന്റ് ലഭിക്കുന്ന അഞ്ചു വർഷ കാലാവധിയിലെ നാലു വർഷങ്ങൾ പിന്നിട്ട സാഹചര്യത്തിൽ പേരാമ്പ്ര ബ്ലോക്ക്പഞ്ചായത്തിന് ലഭിച്ച ആരോഗ്യമേഖലാ ഗ്രാന്റിനെയും, ആയതിന്റെ വിനിയോഗത്തിനെയും, ഫലപ്രാപ്തിയെയും സംബന്ധിച്ച കാര്യങ്ങൾ ബ്ലോക്ക്പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. ഇതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1. ഗ്രാന്റ് വരവും വിനിയോഗവും

പേരാമ്പ്ര ബ്ലോക്ക്പഞ്ചായത്തിന് 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ ലഭ്യമായ ആരോഗ്യ മേഖലാ ഗ്രാന്റിനെയും ആയതിന്റെ വിനിയോഗത്തെയും സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

സ്കീം	ലഭിച്ച തുക					ചെലവഴിച്ച തുക					നീക്കിയിരിപ്പ്
	2021-22	2022-23	2023-24	2024-25	ആകെ	2021-22	2022-23	2023-24	2024-25	ആകെ	ആകെ
2	0	0	27,57,000	42,17,000	69,74,000	0	0	9,37,810	17,84,285	27,22,095	42,51,905

ബ്ലോക്ക്പഞ്ചായത്തിന് വിവിധ സ്കീമുകളിലായി നാളിതുവരെ ലഭിച്ച ആരോഗ്യമേഖലാ ഗ്രാന്റിന്റെ ചെലവ് ശതമാനത്തെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

സ്കീം	31.03.2025 വരെ ലഭിച്ച ആകെ തുക	31.03.2025 വരെ ചെലവഴിച്ച ആകെ തുക്	ചെലവ് ശതമാനം
2	69,74,000	27,22,095	39.03%

സ്കീം 2 പ്രകാരം ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം ഇനത്തിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. ബ്ലോക്ക്പഞ്ചായത്തിന് 31.03.2025 വരെ ലഭിച്ച ആകെ ഗ്രാന്റിന്റെ പകുതിയോളം തുക (39.03%) മാത്രമേ നാളിതുവരെ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളു. ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിന്റെ കാര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

2. ബാങ്ക് അക്കൗണ്ടുകൾ

ആരോഗ്യമേഖലാ ഗ്രാന്റ് കൈകാര്യം ചെയ്യുന്നതിനായി സൗത്ത് ഇൻഡ്യൻ ബാങ്കിന്റെ പേരാമ്പ്ര ശാഖയിൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. പലിശ ഇനത്തിൽ ലഭ്യമായ തുക ഉൾപ്പെടെ 43,27,994/-രൂപ 31.03.2025ന് പ്രസ്തുത ബാങ്ക് അക്കൗണ്ടുകളിൽ ചെലവഴിക്കാതെ ശേഷിക്കുന്നുണ്ട്. നീക്കിയിരിപ്പ് തുക ബ്ലോക്ക്പഞ്ചായത്തിന്റെ 2024-25

സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുമായി (ബാലൻസ് ഷീറ്റിലെ ബി-17 ഷെഡ്യൂൾ) പൊരുത്തപ്പെടുന്നുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

സ്കീം	അക്കൗണ്ട് നം.	31.03.2025 ലെ നീക്കിയിരിപ്പ്
2	0987053000001939	43,27,994/- (42,51,905 + 76089 പലിശ)

3. പദ്ധതികൾ

ആരോഗ്യമേഖല ഗ്രാന്റ് വകയിരുത്തി സ്കീം 2 ൽ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിൽ ആസൂത്രണം ചെയ്തതും നടപ്പാക്കിയതുമായ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

സ്കീം 2-ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം

ക്രമ നം	വർഷം	പ്രൊജക്ട്	അടങ്കൽ തുക / നിർവഹണം	ചെലവ് തുക
1	2023-24	153/23-24 ആവള പി.എച്ച്.സിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ	100000 സെക്രട്ടറി, പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്	99,890
2	2023-24	154/23-24 ആവള പി.എച്ച്.സി കെട്ടിടനവീകരണം	22,95,636 അസിസ്റ്റന്റ് എഞ്ചിനീയർ, പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്	8,37,920
3	2023-24	167/23-24 ആവള പി.എച്ച്.സി കെട്ടിട നവീകരണം (രണ്ടാം ഘട്ടം)	3,61,364 അസിസ്റ്റന്റ് എഞ്ചിനീയർ, പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്	0
4	2024-25	SO213/24-25 ആവള പി.എച്ച്.സി കെട്ടിട നവീകരണം (സ്പിൽ ഓവർ)	14,57,716 അസിസ്റ്റന്റ് എഞ്ചിനീയർ, പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്	14,57,714
5	2023-24	SO214/24-25 ആവള പി.എച്ച്.സി കെട്ടിട നവീകരണം - രണ്ടാം ഘട്ടം (സ്പിൽ ഓവർ)	3,61,364 അസിസ്റ്റന്റ് എഞ്ചിനീയർ, പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്	3,26,571
6	2023-24	226/24-25 ആവള പി.എച്ച്.സിയിലെ ദൈനംദിന ചെലവുകൾ	1,78,000 മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)	0
7	2024-25	227/24-25 ആവള പി.എച്ച്.സി കെട്ടിട നവീകരണം -	40,39,000 അസിസ്റ്റന്റ് എഞ്ചിനീയർ,	0

		മൂന്നാം ഘട്ടം	പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്	
ആകെ ചെലവ്				**27,22,095**

4. വിശകലനവും നിർദ്ദേശങ്ങളും

ആരോഗ്യമേഖല ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖകളിൽ നിർദ്ദേശിച്ചത് പ്രകാരമുള്ള നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെയാണ് പ്രൊജക്ടുകൾ നടപ്പാക്കി വരുന്നത്. ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം പ്രകാരമുള്ള പദ്ധതി അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി, മെഡിക്കൽ ഓഫീസർ എന്നിവരാണ് നിർവഹിക്കുന്നത്.

ബ്ലോക്ക്പഞ്ചായത്തിന് 31.03.2025 വരെ ലഭിച്ച ആകെ ഗ്രാന്റിന്റെ പകുതിയോളം (39.03%) തുക മാത്രമേ നാളിതുവരെ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളു. ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിന്റെ കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട് എന്ന് ഇതിൽ നിന്ന് വ്യക്തമണ്.

സാമ്പത്തിക വർഷാവസാനത്തിൽ മാത്രമാണ് ഓരോ വർഷത്തെയും ഗ്രാന്റുകൾ ബ്ലോക്ക്പഞ്ചായത്തിന് ലഭ്യമാകുന്നത് എന്നതിനാൽ പദ്ധതികൾ സ്പിൽ ഓവറായി തുടർ വർഷങ്ങളിലേക്ക് നീണ്ടുപോകുന്ന സാഹചര്യമുണ്ട്. യഥാസമയം ഗ്രാന്റ് ലഭ്യമാവുന്ന പക്ഷം പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ സാധിക്കുന്നതാണ്. സ്കീം 2 പ്രകാരം ഓരോ തദ്ദേശസ്ഥാപനത്തിലെയും പൊതുജനാരോഗ്യമേഖലയുമായി ബന്ധപ്പെട്ട പ്രാദേശിക സാഹചര്യമനുസരിച്ചുള്ള നവീന പദ്ധതികൾ നടപ്പിലാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാവുന്നത് ഗ്രാന്റ് വിനിയോഗം ഫലപ്രദമാകുന്നതിന് സഹായകരമായിക്കും.

ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും ചികിത്സാ സൗകര്യങ്ങൾക്കുമായി ലഭിച്ച ഗ്രാന്റ് സമയബന്ധിതമായി ഉപയോഗിക്കാത്ത പക്ഷം ആയത് ലാപ്സാകുന്നതാണ്. ആയതിനാൽ ഗ്രാന്റ് തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ ബ്ലോക്ക്പഞ്ചായത്ത് സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്. ബ്ലോക്ക്പഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലയിലെ വർക്കിങ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ നേരിൽ സന്ദർശിച്ച് സൗകര്യങ്ങളും ആവശ്യകതകളും വിലയിരുത്തി ഭരണസമിതിയെ അറിയിക്കേണ്ടതാണ്. ഫലപ്രദമായ പ്രൊജക്ടുകൾക്ക് രൂപം നൽകുന്നതിന് അത്തരം നിർദ്ദേശങ്ങൾ സഹായകമാകുന്നതാണ്. പ്രൊജക്ടുകൾക്ക് അന്തിമ രൂപം നൽകുന്നതിലും, രൂപീകരിക്കുന്ന പ്രൊജക്ടുകളുടെ നിർവഹണ നടപടികൾ നിരീക്ഷിക്കുന്നതിലും, ഫലപ്രാപ്തിയിലെത്തിക്കുന്നതിലും ആരോഗ്യമേഖലാ വർക്കിങ് ഗ്രൂപ്പിന്റെയും ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും സജീവമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ

2024-25 വർഷം പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിലെ റഗുലർ ജീവനക്കാരിൽ നിന്നും ഈടാക്കിയ മെഡിസെപ് പ്രീമിയം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം*	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
28	14000	14000	ഇല്ല	ഇല്ല

* 01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

2) മെഡിസെപ് പ്രീമിയം ഒടുക്ക് - (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ**)**

ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)**	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
1	ഏപ്രിൽ 2024	13000/-	13000/-		

3) മെഡിസെപ് പ്രീമിയം ഒടുക്ക് - (01.07.2024 ൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത ഉൾപ്പടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഇല്ല				

4) മെഡിസെപ് പ്രീമിയം ഒടുക്ക് - (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)***	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
01	ജനുവരി 2025	-	3500		

4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2024-25	26.09.2025, 27.09.2025	ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു

4-3 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര	ചെലവ്	ബാലൻസ്
ഗ്രാമ പഞ്ചായത്ത്	2024-25	21,00,000	പി.എം.എ.വൈ ഭവന	21,00,000	0

			നിർമ്മാണം-ജനറൽ		
ഗ്രാമ പഞ്ചായത്ത്	2024-25	52,000	പി.എം.എ.വൈ ഭവന നിർമ്മാണം-പട്ടികവർഗ്ഗം	52,000	0
ആകെ		21,52,000		21,52,000	0
ജില്ലാ പഞ്ചായത്ത്	2024-25	4,79,000	പി.എം.എ.വൈ ഭവന നിർമ്മാണം-ജനറൽ	4,79,000	0
ജില്ലാ പഞ്ചായത്ത്	2024-25	2,94,000	പി.എം.എ.വൈ ഭവന നിർമ്മാണം-പട്ടികജാതി(SO)	2,94,000	0
ജില്ലാ പഞ്ചായത്ത്	2024-25	1,96,000	പി.എം.എ.വൈ ഭവന നിർമ്മാണം-പട്ടികജാതി	1,96,000	0
ജില്ലാ പഞ്ചായത്ത്	2024-25	1,68,000	പി.എം.എ.വൈ ഭവന നിർമ്മാണം-പട്ടികവർഗ്ഗം	1,68,000	0
ജില്ലാ പഞ്ചായത്ത്	2024-25	14,16,412	പേരാമ്പ്ര എ.ബി.സി സെന്റർ നിർമ്മാണവും എ.ബി.സി വിഹിതം നൽകലും	14,16,412	0
ആകെ		**25,53,412**	**ആകെ**	**25,53,412**	**0**

4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിനെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ നമ്പർ/ തീയതി/ തുക	മുൻകൂർ നൽകിയ ആകെ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്	താലൂക്ക് ആശുപത്രി ട്രാൻസ്ഫോർമറും അനുബന്ധ സംവിധാനങ്ങളും മാറ്റി സ്ഥാപിക്കൽ	376/17.12.24 (2,90,754 രൂപ) 539/11.3.25 (2,93,900 രൂപ)	5,84,654	0	5,84,654

4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-6 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ	ഉത്തരവ്	വായ്പ	വർഷാരംഭത്തിൽ	തൻവർഷം	വർഷാവസാനം

പേര്/ ഉദ്ദേശ്യം	നമ്പർ/ തിയ്യതി	തുക	തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തിരിച്ചടച്ച തുക		തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ഐ.എ.വൈ ഭവന നിർമ്മാണം അധിക വിഹിതം നൽകൽ	സ.ഉ.എം.എസ് നം. – 90/13 തി. 14.03.2013 സർക്കുലർ നം. – 17774/ DD/2013 തി.20.03.2013	-	5751555	-		5751555

2023-24, 2024-25 വാർഷിക കണക്കുകൾ പ്രകാരം തിരിച്ചടക്കാനുണ്ടായിരുന്ന വായ്പ തുക 57,51,555/-രൂപയാണ്. മേൽ തുകയിൽ പലിശ ഉൾപ്പെടെ നിലവിൽ അടവാക്കാനുള്ള തുക എത്രയാണെന്ന് പരിശോധിക്കുന്നതിനുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. തൻവർഷം ലോൺ തിരിച്ചടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4-7 സ്ഥിര നിക്ഷേപം

ഇല്ല

4-8 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക്പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2015-16	3-3,3-5,3-6	2016-17	4.8.1	ചുമതലാ ലംഘനം	പുരാമർശം നില നിൽക്കുന്നു.
2013-14, 2014-15	3-3	2016-17	7(ബി)	സമഗ്ര കോളനി വികസനത്തിനുള്ള ഫണ്ട് വക മാറ്റി	പുരാമർശം നില നിൽക്കുന്നു.
2016-17	3-12	2017-18	1.11.4	സർക്കാർ അനുമതി യില്ലാതെ ഉയർന്ന പലിശ നിരക്കിൽ വായ്പയെടുത്തു	പുരാമർശം നില നിൽക്കുന്നു.

4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ). സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (രസീത് ആന്റ് പേയ്മെന്റ് പ്രകാരം)	10,27,80,637
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (രസീത് ആന്റ് പേയ്മെന്റ് പ്രകാരം)	9,35,95,642
വരവിനത്തിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	-
ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	30,55,974

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-12	1,00,000/-	ശ്രീ. കാദർ.പി ,സെക്രട്ടറി
1-15	2,02,000/-	ശ്രീ. കാദർ.പി ,സെക്രട്ടറി
1-16	14,000/-	ശ്രീ. കാദർ.പി ,സെക്രട്ടറി
1-18	21,32,194/-	ശ്രീമതി. ദീപ.കെ., ചൈൽഡ് ഡെവലപ്മെന്റ് പ്രൊജക്ട് ഓഫീസർ
1-20	23,126/-	ഡോ. ബൈഗു.പി.കെ , മെഡിക്കൽ ഓഫീസർ(താലൂക്ക് ആശുപത്രി)
1-21	5,84,654/-	ഡോ. ബൈഗു.പി.കെ , മെഡിക്കൽ ഓഫീസർ(താലൂക്ക് ആശുപത്രി)
	30,55,974/-	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. കാദർ.പി , സെക്രട്ടറി	വിരമിച്ചു	പൂക്കാട്ടിൽ ഹൗസ്, ചേമഞ്ചേരി പോസ്റ്റ്, കോഴിക്കോട്-673304
ശ്രീമതി. ദ്വീപ.കെ , ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ	ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫിസർ, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്	കേളോത്ത് ഹൗസ്, പനങ്ങാട്, ബാലുശ്ശേരി – 673612
ഡോ.ബൈഗു.പി.കെ, മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി)	മെഡിക്കൽ ഓഫീസർ, സ്റ്റി.എച്ച്.സി-മീനങ്ങാടി	ആലീസ് ഹൗസ്, കൊടക്കല്ല്, അത്തോളി(പി.ഒ), കോഴിക്കോട്

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
1999-00	കെ.എസ്.എ. കെ.കെ.ഡി.പി8/ 966/ 2022 തീ.20.07.2022	2	34,36
2000-01	കെ.എസ്.എ. കെ.കെ.ഡി.പി8/ 1294/2021 തീ.08.02.2022	6	25, 33, 34, 38(B), 39, 40
2002-03	കെ.എസ്.എ. കെ.കെ.ഡി.പി7/ 2312/16(6) തീ.05/04/2017	4	8, 9, 13, 16
2005-06	കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(2)തീ.20.07.2022	10	3-3, 3-4, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-12, 3-14
2006-07	കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(3)തീ.20.07.2022	6	3-4,3-7, 3-8, 3-11, 3-12, 3-13
2007-08	കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(4)തീ.04.08.2022	11	3-3, 3-6, 3-7(2), 3-8(3), 3-10, 3-12, 3-13, 3-14,3-16, 3-17, 3-18
2008-09	കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(5)തീ.04.08.2022	3	2-2, 3-1, 3-3
2009-10, 2010-11	കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(6)തീ.04.08.2022	2	3-4, 3-13
2011-12, 2012-13	കെ.എസ്.എ. കെ.കെ.ഡി.പി8/ 1004/2022 തീ.04.08.2022	5	2-1, 3-3(1), 3-5, 3-7,3-9

2013-14, 2014-15	കെ.എസ്.എ. കെ.കെ.ഡി.പി8/ 1004/2022 (1)തീ.04.08.2022	8	2-1, 2-2, 3-1, 3-2, 3-3, 3-8, 3-9, 3-10
2015-16	കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(7) തീ.05.08.2022	8	3-1, 3-2, 3-3, 3-5, 3-6, 3-12, 3-13, 3-15
2016-17	കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(8) തീ.05.08.2022	6	3-2, 3-3,3-8, 3-10, 3-12, 3-13
2017-18	കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(9) തീ.06.08.2022	5	1-10, 3-2, 3-4, 3-9, 3-13(3)
2018-19	കെ.എസ്.എ. കെ.കെ.ഡി.പി8/ 1296/2021/തീ.05.02.2022	5	1-15, 1-21, 1-23, 1-26, 1-27
2019-20	കെ.എസ്.എ. കെ.കെ.ഡി./പി 8/ 205/2023തീ.12.04.2023	3	1-8,1-10,1-12
2020-21	കെ.എസ്.എ. കെ.കെ.ഡി./പി 8/ 2050/2022 തീ.14.12.2022	8	1-2(1,11,12), 1-4, 1-8, 1-10, 1-11, 1-12, 1-13, 1-16
2021-22	കെ.എസ്.എ. കെ.കെ.ഡി./പി 8/1939/2022 തീ.25.11.2022 (ഓഡിറ്റ് റിപ്പോർട്ട്)	12	1-1, 1-2-1, 1-4, 1-6, 1-7(A,B), 1-8, 1-10, 1-12, 1-13, 1-14, 1-16, 1-19
2022-23	കെ.എസ്.എ. കെ.കെ.ഡി./ പി8/620/2024 തീ.28/5/2024	14	1-1,1-1-1 മുതൽ 1-1-5 വരെ ,1-1-7, 1-1-8,1-6,1-9,1-12,1-13,1-17,4-11
2023-24	കെ.എസ്.എ. കെ.കെ.ഡി./ പി8/1671/2024 തീ.28/3/2025	32	1-1-1 മുതൽ 1-1-13 വരെ ,1-7 മുതൽ 1-20 വരെ , 3-1, 4-5, 4-8, 4-10, 4-11

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 13/25-26 dated 13/25-26 dated 15-05-2025 and submitted on 16-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Perambra Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Perambra Block Panchayat as on 31-03-2025

Date: 30/12/2025 **Joint Director**

Kerala State Audit Department

Audit Report appended to the Audit Certificate of Perambra Block Panchayat for the Year 2024-2025.

1.Major Observations

Nil

2.Other Observations

a) Cash flow statement - Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

b) Mismatch in Deposit Balance sheet B7 schedule figures.

c) Expenditure differs in AFS and IKM statement.

d) Income as per Receipt & Payment statement not reliable for audit.

e) Abstract not included in Advance register.

f) No clarity in Loan liability amount.

g) Abstract not recorded in Deposit register.

h) No supporting documents for journal entries.

i) Defects in depreciation calculation.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്